# യുക്തിവിചാരം

2000 മാർച്ച്




യുക്തിവാദപ്രചരണവേദി, തൃശൂർ - 680001

വില : 5 രൂപ

# യുക്തിവിചാരം

പുസ്തകം: 24 2000 മാർച്ച് ലക്കം: 2


* കുറിപ്പുകൾ:– വെള്ളത്തിനു തീപടർത്തുന്ന സംഘപരിവാർ, ഇവരോടു ക്ഷമിക്കരുതേ, സെക്സും യുക്തിവാദികളും, അത്ഭുത ഔഷധങ്ങൾ — ജെ. വി.
* ശാസ്ത്രം മതമാകുന്നുണ്ടോ? — എം. കെ. ഭാനു
* സാമൂഹ്യ സാംസ്കാരിക വിപ്ലവം — റാവി പുടിവെങ്കിടാദ്രി
* യുക്തിവാദിയുടെ മരണാനന്തര ക്രിയകൾ — ഡോ: ലാസർ
* യുക്തിവാദവും സദാചാരവും — അഡ്വ: വർഗ്ഗീസ് വട്ടക്കാവ്
* ബാല്യകാലസ്മരണകൾ — സത്യൻ ചാലിയം
* യുക്തിവാദം ഇരുപതാംനൂററാണ്ടിൽ — ടി. എം. ചാക്കോ
* വിമ്മിട്ടം —ഡോ: പി. കെ. നാരായണൻ
* കത്തോലിക്കാ മെത്രാന്മാർ എയ്ഡ്സ് ബാധിച്ച് മരിക്കുന്നു — എം. ററി. ലൂഷികുമാർ
* കേരളോല്പത്തിയും ആര്യബ്രാഹ്മണരും — പി. എം. എൻ. നമ്പൂതിരി
* കത്തുകളിൽനിന്നു്
* വാർത്തകളിൽനിന്നു്


## ചിന്താവിഷയം

"ക്രിസ്ത്യൻ മതസംഘടനകൾ മനുഷ്യർക്ക് ചില ഉപകാരങ്ങൾ ചെയ്യുന്നുണ്ടെന്നുള്ളതു ശരിതന്നെ. മതനിബന്ധനകളുടെ നിരന്തരാനുഷ്ഠാനം അതിഭക്തിയും മതഭ്രാന്തും വരുത്തുന്നു. അതു നിഷ്ഠൂരമായ ഒരു അപരാധം തന്നെയാണ്. ദൈവപ്രേരണയെന്ന പ്രതി മതഭ്രാന്തന്മാർ എത്രവളരെ വിമതസ്ഥരേയും അവിശ്വാസികളേയുമാണ് തീയിലെരിച്ചും യുദ്ധംചെയ്തും കൊന്നിട്ടുള്ളതു്. ബുദ്ധിയുള്ള മനുഷ്യർ എങ്ങനെ ദൈവത്തിൽ വിശ്വസിക്കുന്നു എന്നതു് എനിക്കത്ഭുതകരമായി തോന്നുന്നു."

— ഡോ: മിസ്സിസ് മരിയൻ ഷെർ

# വെള്ളത്തിനു തീപടർത്തുന്ന സംഘപരിവാർ

ദീപ മേത്ത സംവിധാനം ചെയ്യുന്ന 'വാട്ടർ' എന്ന സിനിമയുടെ വാരണാസിയിലെ സെററ് 'സംഘപരിവാറിൽപ്പെട്ട' കാശി സംസ്കൃതി രക്ഷാ സംഘർഷ സമിതിയിൽപ്പെട്ട മതമൗലിക വാദികൾ തല്ലിത്തകർത്തു് നശിപ്പിച്ചു. ബംഗാളി വിധവകളുടെ കഥപറയുന്ന വാട്ടർ പുണ്യ നഗരമായ വാരണാസിയുടെ വിശുദ്ധവും പുരാതനവുമായ പാരമ്പര്യങ്ങളെ കരിതേച്ചു കാണിക്കുന്നുവെന്നാണ് മതമൗലിക വാദികളുടെ ആരോപണം. രാജ്യത്തിൻെറ പ്രതിച്ഛായ തകർക്കുന്ന ഈ സിനിമക്കു് പൂർണ്ണ നിരോധനം ഏർപ്പെടുത്തണമെന്നു് പ്രയാഗ് മഠത്തിലെ ശങ്കരാചാര്യസ്വാമി മാധവാനന്ദ് സരസ്വതി ആവശ്യപ്പെട്ടിരിക്കുന്നു. ഗംഗാതീരത്തെ തുളസിഘട്ടിനു സമീപം ആണ് ദീപ വാട്ടർ ഷൂട്ടു ചെയ്യാനുദ്ദേശിക്കുന്നതു്. മഹാകവി തുളസീദാസ് 'രാമചരിത് മാനസം' രചിച്ച കൽപ്പടവുകളാണ് തുളസിഘട്ട് എന്ന പേരിൽ അറിയപ്പെടുന്നതു്. വാട്ടറിൻെറ സെററു നശിപ്പിച്ചതിൻെറ പിന്നിൽ കാശി വിദ്വത് പരിഷത്ത്, സംസ്കാർ ഭാരതി തുടങ്ങിയ സംഘടനകളാണ്. അണിയറയിൽ കളിക്കുന്നതു് വി. എച്ച്. പി., ആർ. എസ്. എസ്., ബജ്റംഗ്ദൾ തുടങ്ങിയ സംഘടനകളാണ്. അതായതു്, സാക്ഷാൽ സംഘപരിവാർ! 'മോക്ഷം നേടാനായി പുണ്യസ്ഥലമായ കാശിയിലെത്തുന്ന വിധവകളെ വെറും വേശ്യകളായാണ് അവതരിപ്പിക്കുന്നതെന്നു'' സംഘർഷ് സമിതി നേതാവ് ഡോ: കൗശൽ കിഷോർ മിശ്ര പറയുന്നു. ഏഴുവയസുകാരിയായ വിധവപോലും തിരക്കഥയിലുണ്ടു്. എന്നതുകൊണ്ടു് ഒരു ചിത്രം നിർമ്മിക്കാൻ പാടില്ലെന്നു പറയുന്ന മതമൗലിക വാദികൾക്കെതിരെ നടപടിയെടുക്കാൻ ഉത്തർപ്രദേശ് ഭരിക്കുന്ന ബി. ജെ പി. സർക്കാരും, കേന്ദ്രം ഭരിക്കുന്ന ബി. ജെ പി. സർക്കാരും തയ്യാറാകാത്തതു് ബി. ജെ. പി. സർക്കാരുകളുടെ തനിനിറം വെളിവാക്കുന്നു.

ഇൻഡ്യയിൽ–ആർഷഭാരതത്തിൽ–ബാല്യ വിവാഹം സാർവ്വത്രികമായിരുന്നില്ലേ? ഇന്നും ശൈശവ വിവാഹങ്ങൾ, ഉത്തരേന്ത്യയിൽ നടക്കുന്നില്ലേ? പിന്നെന്തിനു് സത്യത്തെ മറച്ചുവെച്ചുകൊണ്ടു് സംഘപരിവാർ വെളിച്ചപ്പാടുതുള്ളുന്നു. വിധവകളെ തീയിലെറിയുന്ന 'സതി' ഹിന്ദുമതത്തിൻെറയും ആർഷഭാരതത്തിൻെറയും സംസ്കൃതിയുടെ ഭാഗമല്ലായിരുന്നോ? ദേവദാസി സമ്പ്രദായത്തിലൂടെ വേശ്യകളെ സൃഷ്ടിച്ചനുഭവിച്ചിരുന്നതും ഈ സന്യാസി ശ്രേഷ്ഠന്മാരും മതനേതാക്കളും അല്ലായിരുന്നോ? ദേവദാസി സമ്പ്രദായത്തിലൂടെ എത്ര ലക്ഷം ബാലവേശ്യകളെ സൃഷ്ടിച്ചു! ഇന്നും ദേവദാസി സമ്പ്രദായം നിലനിർത്തുന്നതു് ഈ ആർഷഭാരത സംസ്കൃതി സംരക്ഷകർ

തന്നെയല്ലേ? സങ്കല്പകഥാപാത്രങ്ങളുടെ പേരിൽ പുണ്യസ്ഥലങ്ങൾ സൃഷ്ടിച്ച് അവിടെ കലാപങ്ങൾ സൃഷ്ടിക്കുന്നതും ആർഷഭാരത സംസ്കൃതിയുടെ ഭാഗമാണല്ലോ? ഭൂമിയിൽ എല്ലാ സ്ഥലവും എല്ലാ നദികളും ഒരുപോലെയാണ്. ഒരു സ്ഥലത്തിനും ഒരു നദിക്കും പുണ്യവും അപുണ്യവുമൊന്നുമില്ല.

കാശിയിൽ 'വാട്ടറി'ന്റെ ചിത്രീകരണത്തിനു നിർമ്മിച്ച സെററ് നശിപ്പിച്ചത് സംഘപരിവാറിന്റെ ഗുണ്ടായിസ സംസ്കാരത്തെ വെളിവാക്കുന്നു. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ മേലുള്ള ഈ കടന്നുകയററത്തിന്നെതിരെ ഇവിടത്തെ ഒരു വിപ്ലവ വായാടികളും പുരോഗമന സാഹിത്യവ്യക്താക്കളും ഈ കുറിപ്പെഴുതുന്നതുവരെ പ്രതികരിച്ചുകണ്ടില്ല. ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ നിരന്തരം മുക്രയിടുന്നവരൊക്കെ ഏതുമാളത്തിലാണാവോ? സംഘപരിവാറും കൂട്ടരും ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ മേൽ നടത്തുന്ന കടന്നുകയററത്തെ സർവ്വശക്തിമുപയോഗിച്ചെതിർക്കാൻ യുക്തിവാദികളും സ്വതന്ത്രചിന്തകരും മുന്നോട്ടുവന്നേതീരൂ.

## ഇവരോടു ക്ഷമിക്കരുതേ

നമ്മുടെ രാജ്യത്ത് ജനങ്ങൾക്ക് ഒരിക്കലും പരിപൂർണ്ണമായ ആരോഗ്യം ഉണ്ടാകരുതെന്ന് ആഗ്രഹിക്കുന്ന ഒരു വിഭാഗമുണ്ട്–ഡോക്ടർമാർ. രോഗമില്ലാതായാൽ ഇവരുടെ ഗതിയെന്താകും. അതുകൊണ്ട് എന്തു വില നൽകിയും രോഗപ്രതിരോധ പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കും. നിർമ്മാർജ്ജന പരിപാടികളെ അട്ടിമറിക്കും. നമ്മുടെ സർക്കാർ ഡോക്ടർമാരും ചില സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാരും പോളിയോ നിർമ്മാർജ്ജന പരിപാടിയെ പരാജയപ്പെടുത്താൻ കിണഞ്ഞു ശ്രമിച്ചു. "ഊർജ്ജിത പൾസ്പോളിയോ ഇമ്മ്യൂണൈസേഷൻ കേരളത്തിനാവശ്യമോ?" എന്നപേരിൽ K. G. M. O. ക്കാർ നോട്ടീസിറക്കി ജനങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിച്ചു. K. G. M. O. യുടെ വയനാട് ജില്ലാ സെക്രട്ടറി മലയാളം വാരികയുടെ 1999 ഡിസംബർ 31-ാം തിയതിയുടെ ലക്കത്തിൽ 'തീവ്ര പൾസ്പോളിയോ അപകടം തന്നെ' എന്ന തലക്കെട്ടിൽ ലേഖനം എഴുതി. ഹോമിയോക്കാരും പ്രകൃതിക്കാരും ആയുർവേദക്കാരുമൊക്കെ പ്രതിരോധകുത്തിവയ്പുകളെയും പൾസ്പോളിയോയേയും എതിർത്തിരുന്നു. വസൂരി നിർമ്മാർജ്ജനം ചെയ്തതുപോലെ തന്നെ പിള്ള വാതത്തേയും ഭൂമുഖത്തുനിന്നും നിർമ്മാർജ്ജനം ചെയ്യാനായിരുന്നു ലോകാരോഗ്യസംഘടനയുടെ പരിപാടി. കാരണം, പോളിയോ വൈറസിനു മനുഷ്യന്റെ കുടലിലെ ജീവിക്കാനും പെററുപെരുകാനും കഴിയൂ. ശരീരത്തിനുപുറത്ത് 48 മണിക്കൂറിൽ

കൂടുതൽ ഇവസ്ഥനിലനിൽക്കാനാവില്ല. മൂന്നു വയസ്സിനുതാഴെയുള്ള എല്ലാ കുട്ടികൾക്കും O P V നൽകിയാൽ ഈ ലക്ഷ്യം കൈവരിക്കാനാകുകയും ചെയ്യും. ഒരു കുട്ടിപോലും ഒഴിവാക്കപ്പെടാതെ വാക്സിൻ നൽകണം. ഈ പരിപാടിയേയാണ് സാമൂഹ്യദ്രോഹികളായ ഒരു കൂട്ടം ഡോക്ടർമാർ തുരങ്കം വച്ചത്.

ബഹുരാഷ്ട്രകുത്തകകളായ മരുന്നു കമ്പനികളുടെ കെട്ടിക്കിടക്കുന്ന വാക്സിൻ വിററഴിക്കാനാണ് പൾസ്പോളിയോ എന്നു പ്രചരിപ്പിച്ചുനടന്ന ചില രാഷ്ട്രീയക്കാരുണ്ട്. നമുക്കവരെ വെറുതെവിടാം. പക്ഷെ, അറിഞ്ഞുകൊണ്ട് ജനങ്ങളുടെ ആരോഗ്യത്തെ നശിപ്പിക്കുന്ന ഡോക്ടർമാർക്ക് മാപ്പുനൽകുക വയ്യ. പ്രൈവററ് ആശുപത്രിയിലെ പ്രതിരോധകുത്തിവയ്പുകാർഡുകളിൽ പോളിയോയുടെ ഏഴു ഡോസുകൾ അച്ചടിച്ചിരുന്നപ്പോൾ സർക്കാരിൻെറ പ്രതിരോധ ഷെഡ്യൂളിൽ അഞ്ചുഡോസേ ഉണ്ടായിരുന്നുള്ളു. ശരിയായ പ്രതിരോധ ഷെഡ്യൂൾ ഏഴുഡോസിൻേറതായിരുന്നുവെങ്കിലും സർക്കാർ രീതിയെ മറികടക്കാൻ ഭൂരിഭാഗം ഡോക്ടർമാരും തയ്യാറായിരുന്നില്ല. വാക്സിനുകളെക്കുറിച്ച് എ ബി സി ഡി അറിയില്ലാത്ത ജൂണിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരും, ലേഡിഹെൽത്ത് ഇൻസ്പെക്ടർമാരും, നാലാമതൊരു ഡോസു ചോദിച്ചുവരുന്നവർക്ക് അതു നൽകാൻ തയ്യാറായിരുന്നില്ല; മിച്ചം വരുന്ന വാക്സിൻ പാഴാക്കിക്കളഞ്ഞിരുന്നാലും. സർക്കാരിനെയും വിവരംകെട്ട ഉത്തരവുകളെയും അന്ധമായി അനുസരിക്കുന്ന കുഞ്ഞാടുകൾ!

ഈ ഡോക്ടർമാരും പബ്ലിക്ഹെൽത്ത് വിഭാഗത്തിലെ കുഞ്ഞാടുകളും മഞ്ഞപ്പിത്തത്തിന്നെതിരെയുള്ള പ്രതിരോധ കുത്തിവയ്പിനെ, ആവശ്യക്കാർക്കുപോലും നിഷേധിക്കുന്നു. മഞ്ഞപ്പിത്തത്തിനെതിരെ പ്രതിരോധ കുത്തിവയ്പ് ആവശ്യമില്ലെന്നും, അതുകൊണ്ട് പ്രയോജനമില്ലെന്നും ഇവർ പ്രചരിപ്പിക്കുന്നു. ലോകാരോഗ്യസംഘടനയുടെ കണക്കനുസരിച്ച് എയ്ഡ്സ് മൂലം ഒരു വർഷം മരിക്കുന്നത്ര ആളുകൾ, മഞ്ഞപ്പിത്തംമൂലം ഒരു ദിവസം മരിക്കുന്നു. ആധുനിക വൈദ്യശാസ്ത്രം മഞ്ഞപ്പിത്തത്തെ Silent killer (നിശബ്ദ കൊലയാളി) എന്നാണ് വിശേഷിപ്പിക്കുന്നത്. എയ്ഡ്സിനേക്കാൾ നൂറിരട്ടി പകർച്ചാസ്വഭാവമുള്ളതാണത്. എയ്ഡ്സ് പകരാൻ 0.1 ml രക്തമെങ്കിലും വേണം. എന്നാൽ മഞ്ഞപ്പിത്തം പകരാൻ 0.00004ml രക്തം മാത്രം മതി. ലോകത്തിലാകെ 18.5 മില്യൻ ആളുകളാണ് എയ്ഡ്സ് ബാധിതരായുള്ളത്. എന്നാൽ Hepatitis B ബാധിതരുടെ എണ്ണം 2000 മില്യനാണ്. എയ്ഡ്സ് രോഗികളുടെ എണ്ണം 4.5 മില്യനാണെങ്കിൽ, Hepatits B രോഗികളുടെ എണ്ണം 350 മില്യ

നാണ്. പുകയിലയാണ് ഒന്നാമത്തെ കാൻസർ ജനയിതാവെങ്കിൽ രണ്ടാമത്തെ കാൻസർ ജനയിതാവ് Hepatitis B യാണ്.

H B V infection is tolerated by body and once infection occurs, Vast majority become chroniccarriers. Younger the age of getting the infection, greater is the chance of developing carrier state. In vertical transmission from mother to new born the carrier state may develop in 80-90% whereas in transmission in adult life the chances are less. Most of the carriers tolerate the virus which replicates in the liver. They show HBs Ag positivity and viremia but at the same time do not suffer from the disease. They are the main source of spread to others. This state may persist life long. Risk of the primary carcinoma of the liver is high in them and many of the cases of liver cell cancer occuring in young adults, especially in India and other neighbouring countries is attributable to HBV.

In western countries it much lower, universal immunization of new borns with hepatitis B vaccine will be an effective method to reduce carrier state in the community'' (page-225, 226 'Text Book of Medicine' by K. V. Krishna Das. Bsc., MBBS, FRCP (E), FAMS, DTM & H)

Hepatitis B is a major public health problem in India. During 1983 a total of 139, 101 cases and 1, 925 deaths of viral hepatitis were reported (page-186 Text Book of perventive and social Medicine, by J. E. park & K. park) The side effects of the vaccine are slight and are local and transcient. They include pain and stiffness at the site of injection. (page-189, Text book of preventive & social Medicine.) ലിവർ കാൻസറിനും, സിറോസിസ് ഓഫ് ലിവറിനും കാരണമായ ഈ ഭയങ്കര കൊലയാളിയെ പ്രതിരോധിക്കാൻ ഫലപ്രദമായ ഒരേയൊരു മാർഗ്ഗം വാക്സിൻ മാത്രമാണ്. 1997 മുതൽ U I P യിൽ hepatitis vaccine കൂടി ഉൾപ്പെടുത്തണമെന്ന് ലോകാരോഗ്യ സംഘടന ആവശ്യപ്പെട്ടിരുന്നതുമാണ്. ഹെപ്പാറ്റൈറ്റിസ് വാക്സിൻ 90% പ്രൊട്ടക്ഷൻ തരുമെന്ന് എല്ലാ മെഡിക്കൽ ബുക്കുകളിലും പറയുന്നു. (The vaccine is more than 90% effective in providing long term immunity after 3 doses! Page-102, GI/Liver secrets by peter R Mc nally, Do, FACP, FACG) എന്നിട്ടും നമ്മുടെ ഡോക്ടർമാർ ജനങ്ങളെ Hepatitis B പ്രതിരോധകുത്തിവയ്പിൽനിന്നും അകറ്റി നിർത്തുന്നത് സ്വാർത്ഥതാല്പര്യത്തിന്റെയും രാഷ്ട്രീയവിധേയത്വത്തിന്റെയും പേരിലാണ്. രോഗവും രോഗിയുമില്ലാത്ത ഒരവസ്ഥ

കൈക്കൂലിക്കാരായ സർക്കാർ ഡോക്ടർ ആഗ്രഹിക്കുന്നില്ല. രോഗമില്ലെങ്കിൽ കോടികൾ കൊയ്തുകൂട്ടുവാനാകുകയില്ലല്ലോ. ആധുനിക വൈദ്യശാസ്ത്രത്തിന് കളങ്കം ചാർത്തുന്നവരോട് ക്ഷമിക്കുക വയ്യ.

## സെക്സും യുക്തിവാദികളും

സെക്സിനെക്കുറിച്ചുള്ള പല യുക്തിവാദികളുടെയും ധാരണകളും വിശ്വാസങ്ങളും തികച്ചും അശാസ്ത്രീയമാണ്. ഒരിക്കൽ, അവിവാഹിതയായ ഒരു യുവതി ലൈംഗിക വിദ്യാഭ്യാസത്തിനുതകുന്ന ജീവിതം മുഴുവൻ മധുവിധു എന്ന ഒരു പുസ്തകം വായിക്കുന്നത് ഒരു 'യുക്തിവാദിനി' കാണുവാനിടയായി. 'കണ്ടില്ലേ കല്യാണം കഴിക്കാത്ത ഒരുത്തി വായിക്കുന്ന പുസ്തകം!' എന്നായിരുന്നു ഉടൻ വന്ന കമൻറ്. ലോകത്തിലുള്ള ഏതു വിജ്ഞാന ശാഖയേക്കുറിച്ചുമുള്ള പുസ്തകങ്ങൾ പ്രായഭേദമന്യേ ആർക്കും വായിക്കാം. മനുഷ്യശരീരത്തിലെ ഏതവയവത്തെക്കുറിച്ചും വിശദമായി പഠിക്കാം-ചർച്ച ചെയ്യാം. എന്നാൽ ലൈംഗിക അവയവങ്ങളെക്കുറിച്ചോ, സെക്സിനെക്കുറിച്ചോ വായിക്കാനോ പഠിക്കാനോ പാടില്ല. കുട്ടികൾക്ക് ശരിയായ ലൈംഗിക വിദ്യാഭ്യാസം നൽകാത്തതിൻെറ കുഴപ്പമാണ്, ദാമ്പത്യ ജീവിതത്തിലെയും സാമൂഹ്യജീവിതത്തിലെയും ഇന്നു കാണുന്ന നിരവധി പ്രശ്നങ്ങൾക്ക് കാരണം.

ലൈംഗിക അവയവങ്ങളെയും ശരീരത്തിലെ മററവയവങ്ങളെപ്പോലെതന്നെ കാണാൻ യുക്തിവാദികൾക്കുപോലും കഴിയുന്നില്ല എന്നു വന്നാൽ നമ്മുടെ സ്ഥിതിയെന്താണ്. മനുഷ്യനു വിശന്നാൽ അവൻ ഭക്ഷണം കഴിച്ച് അതടക്കും. ഭക്ഷണം കിട്ടിയില്ലെങ്കിൽ അവൻ അതു് മോഷ്ടിച്ചു കഴിച്ചെന്നിരിക്കും. ലൈംഗികവികാരവും ഒരുതരം വിശപ്പാണ്. ശരീരത്തിനും മനസ്സിനും അതിൻെറ ശമനം ആവശ്യമാണ്. ലൈംഗികവികാരങ്ങൾ നിരന്തരമായി അടിച്ചമർത്തുന്നതു് പല മാനസിക-ശാരീരിക പ്രശ്നങ്ങൾക്കും വഴിതെളിക്കുമെന്നു് ഫ്രോയ്ഡ് വ്യക്തമാക്കുന്നുണ്ട്.

ഉഭയസമ്മതപ്രകാരമുള്ള ഏതൊരു ലൈംഗികബന്ധത്തേയും യുക്തിവാദികൾ അംഗീകരിച്ചേ തീരൂ. ലൈംഗികബന്ധം പാപമോ, തെററോ അല്ല. അതു് പ്രകൃതിയുടെ നിയമമാണ്. ലൈംഗിക വികാരം പ്രകൃതിദത്തമാണ്. ഏതൊരു സ്ത്രീക്കും പുരുഷനും അതു് പൂർത്തികരിക്കാനുള്ള അവകാശമുണ്ട്. വിവാഹം ലൈംഗിക്ബന്ധത്തിനു് ഒരു തടസ്സമാകരുതു്. മനുഷ്യസമൂഹത്തിൻെറ ആദി കാലങ്ങളിൽ സ്ത്രീയും പുരുഷനും അവരവർക്കിഷ്ടപ്പെട്ട ഇണകളുമായി ബന്ധപ്പെടുകയായിരുന്നു. പിന്നീടാണ് പുരോഹിത വർഗ്ഗവും ദൈവങ്ങളും ആരാധനകളും വിവാഹ സമ്പ്രദായങ്ങളുമൊക്കെ ഉരുത്തിരിഞ്ഞു

വന്നതു്. ദൈവത്തിൻെറ ദല്ലാളചമഞ്ഞ പുരോഹിതൻ വിവാഹത്തെ മതവുമായി ബന്ധിപ്പിക്കുകയും, വിവാഹത്തെ ലൈംഗികബന്ധത്തിനുള്ള ലൈസൻസായി മാററുകയും ചെയ്തു. കാലക്രമത്തിൽ വിവാഹം പുരോഹിതനും മതത്തിനും കുടുംബങ്ങൾക്കും ലാഭമുള്ള ഒരു വൻകച്ചവടമാക്കി മാററി. സ്ത്രീധനം ആൺവീട്ടുകാർക്കു് നല്ല വരുമാനമാണ്. അതിൻെറ ഒരു വിഹിതം ദല്ലാളിനും. കല്യാണം നടത്തുന്നതിനു് കൂലി പുരോഹിതനും. പള്ളിക്കൊരു വരുമാനവും

ഇതിന്നെതിരെ ശബ്ദിക്കാൻ യുക്തിവാദികൾ തയ്യാറാകണം. പഴയ പല യുക്തിവാദികളും ഇതിനെ വെല്ലുവിളിച്ചുകൊണ്ടു് ജീവിച്ചിട്ടുണ്ടു്–മാതൃക കാട്ടിയിട്ടുണ്ടു്. ശ്രീ. കെ. വി. ജോണും (കുത്താട്ടുകുളം) അദ്ദേഹത്തിൻെറ പങ്കാളി സാറാമ്മയും ഒരുവിധ വിവാഹ ഉടമ്പടികളും ഉണ്ടാക്കിയിരുന്നില്ല. അവർ ഒന്നിച്ചു താമസിക്കുക മാത്രമാണു് ചെയ്തതു്. കെ. പി. ആർ ഗോപാലനും അങ്ങിനെതന്നെയായിരുന്നു. അദ്ദേഹത്തിൻെറ പങ്കാളിയോടൊപ്പം ജീവിക്കുക മാത്രമായിരുന്നു. ഇന്നത്തെ എത്ര യുക്തിവാദികൾക്കു് ഇതിനുള്ള ധൈര്യമുണ്ടു്.

## അത്ഭുത ഔഷധങ്ങൾ

"ഗർഭസ്ഥ ശിശുവിൻെറ വളർച്ചയെ ക്രമപ്പെടുത്തുവാനും കുട്ടിയുടെ തെററായ കിടപ്പിനെ ശരിയായ സ്ഥാനത്തെത്തിക്കുവാനും, പ്രസവം ബുദ്ധിമുട്ടില്ലാതാക്കിത്തീർക്കുവാനും ഹോമ്യോ ഔഷധങ്ങൾക്കു പ്രത്യേകം കഴിവുണ്ടു്. ഗർഭിണികൾ ഹോമിയോ ഔഷധങ്ങൾ ഉപയോഗിച്ചുകൊണ്ടിരുന്നാൽ സിസ്സേറിയൻ ഒഴിവാക്കാൻ കഴിയുന്നതാണു്. വെള്ളനിറത്തിലോ ചിലപ്പോൾ ദുർഗന്ധത്തോടുകൂടിയതോ ആയ ഉഷ്ണവാർച്ച (Lencorrhoea) മൂത്രത്തിൽ പഴുപ്പ് (urinerey infection) സ്തനങ്ങളിൽ ഉണ്ടാകുന്ന നീരു്, കുരുക്കൾ, മുഴകൾ, ബ്രസ്റ്റ് ക്യാൻസർ തുടങ്ങിയ സ്ത്രീകളുടെ എല്ലാവിധ രോഗങ്ങൾക്കും ഹോമിയോപ്പതിയിൽ അതിവിശിഷ്ടമായ ഔഷധങ്ങളുണ്ടു്." സെപ്തംബർ ലക്കം 'ശരീരശാസ്ത്രം' മാസികയിലെ ഒരു പരസ്യത്തിലെ ചില ഭാഗങ്ങളാണു് മുകളിൽ കൊടുത്തതു്.

ഗർഭസ്ഥ ശിശുവിൻെറ വളർച്ചയെ സ്വാധീനിക്കുന്നത് അമ്മ കഴിക്കുന്ന ഭക്ഷണത്തിലെ പോഷകഘടകങ്ങളാണു്. പ്രൊട്ടീൻ, വിററാമിനുകൾ എന്നിവയാണതിന്നാവശ്യം. മരുന്നുകളൊന്നും ഗർഭിണികൾക്കു നൽകാറില്ല. ഇരുമ്പും മററു വിററാമിനുകളും ധാരാളം പോഷകങ്ങളുമടങ്ങിയ ഭക്ഷണം നന്നായി കഴിപ്പിക്കുകയാണു് വേണ്ടതു്. അല്ലാതെ ഗർഭസ്ഥശിശുവിൻെറ വളർച്ചയെക്രമപ്പെടുത്താൻ ഒരു മരുന്നിനും സാധിക്കുകയില്ല. ക്രമപ്പെടൽ പ്രകൃതി നിയമങ്ങൾ

# ശാസ്ത്രം മതമാകുന്നുണ്ടോ?

എം. കെ. ഭാനു

ആയിരമായിരം വർഷങ്ങളായി, ഈശ്വരന്റെ പേരിൽ, മതപുരോഹിതന്മാർ മനുഷ്യരെ ചൂഷണം ചെയ്തുവരുന്നു. പൌരോഹിത്യത്തിന്റെ ശക്തിക്കനുസരിച്ചായിരുന്നു, ഈശ്വരനെമാററി അവതരിപ്പിക്കുന്ന മതപരിവർത്തനങ്ങൾ. മരിച്ചതിനുശേഷമുള്ള ചില്ലറ സുഖസൌകര്യവാഗ്ദാനങ്ങൾ ഉപയോഗിച്ച് ആദ്യമാദ്യം പാവം ജനങ്ങളെ പാട്ടിലാക്കാൻ അവർക്ക് വിഷമമുണ്ടായിരുന്നില്ല. അടുത്തപടി, ഈ ലോകത്തുതന്നെ ഉപകാരപ്രദമായ ചില്ലറ സാമ്പത്തികസഹായങ്ങളും എന്തുതന്നേയായാലും, എല്ലാത്തിന്റേയും ഒടുവിൽ പൌരോഹിത്യമാണ്, ജനതയല്ല, സമ്പന്നരായത്. വെററിക്കനും, മെക്കയും, തിരുപ്പതിയും, ശബരിമലയും, ഗുരുവായൂരും എല്ലാം തദ്ദേശഭരണകൂടങ്ങളേക്കാൾ സമ്പുഷ്ടമാണെന്നത് എല്ലാവർക്കും അറിയാവുന്നതുതന്നേയാണല്ലോ! അത്യാവശ്യത്തിന് ഗ്രീക്കും, ലാററിനും, സംസ്കൃതവും, അറബിക്കും പഠിച്ച്, മഹാപണ്ഡിതന്മാരെന്ന് അഭിനയിച്ചിരുന്ന പൌരോഹിത്യത്തിന്. സാധാരണജനതയെ വിശ്വസിപ്പി

---

ക്കനുസരിച്ചാണ് നടക്കുക. കുട്ടിയുടെ തെററായ കിടപ്പിനെ ശരിപ്പെടുത്താൻ ഒരു മരുന്നിനും സാധിക്കുകയില്ല. മരുന്നുകൾക്ക് അതു കഴിയുമായിരുന്നെങ്കിൽ സിസ്സേറിയന്റെ ആവശ്യം വരുകയില്ലായിരുന്നല്ലോ? ഗർഭസ്ഥശിശു, ഗർഭത്തിന്റെ 5½ മാസം വരെ തലമുകളിലായാണ് സ്ഥിതി ചെയ്യുക. 6-ാം മാസത്തിലാണ് കുട്ടി തലകീഴായിതിരിഞ്ഞുവരിക. സ്വാഭാവികമായും സംഭവിക്കേണ്ട ഒരു പ്രക്രിയ ആണിത്. ഒരു മരുന്നിനും നിലമാററിയെടുക്കാൻ കഴിയില്ല എന്നതാണു യഥാർത്ഥ്യം. മൂത്രത്തിലെ പഴുപ്പ് രോഗാണുബാധ മൂലമുണ്ടാകുന്നതാണ്. അതിന് ആൻറിബയോട്ടിക്കുകൾ ഉപയോഗിച്ചുതന്നെ ചികിത്സ നടത്തണം. ല്യൂക്കോറിയ (വെള്ളപോക്ക്) ക്കുകാരണവും രോഗാണുക്കളാണ്. ബാക്ടീരിയ, ഫംഗസ് എന്നിവയിലേതുമാകാം. അവയ്ക്കുള്ള മരുന്ന് ഉപയോഗിച്ചുതന്നെ ചികിത്സിക്കണം. യോനിയിൽ പുരട്ടുന്നതിനുള്ള ക്രീമുകൾ, യോനിക്കുള്ളിൽ തിരുകിവയ്ക്കുന്നതിനുള്ള ഗുളികകൾ എന്നിവ ഇതിലേക്കായി ഉപയോഗിക്കാം. ബ്രസ്റ്റ് ക്യാൻസറിന് ബ്രസ്റ്റ് നീക്കം ചെയ്യുകയോ, മുഴ നീക്കം ചെയ്യുകയോ ചെയ്തശേഷം റേഡിയേഷൻ നൽകുകയാണ് പ്രതിവിധി, അല്ലാതെ ഒരു ഔഷധത്തിനും ബ്രസ്റ്റ് ക്യാൻസർ സുഖപ്പെടുത്താൻ കഴിയില്ല. മറിച്ചുള്ള അവകാശവാദങ്ങൾ കപടവും ശാസ്ത്രത്തിനു നിരക്കാത്തതുമാണ്. ഇത്തരം അവകാശവാദങ്ങളെ തുറന്നുകാണിക്കേണ്ടത് ശാസ്ത്രീയചിന്തകരുടെ കടമയാണ്. ഒരൗഷധത്തിന് ഇല്ലാത്ത ഗുണങ്ങൾ ഉണ്ടെന്നു പ്രചരിപ്പിക്കുന്നവർക്കെതിരെ Drug & Cosmetics Act അനുസരിച്ച് നടപടി സ്വീകരിക്കാൻ ശക്തിയായി ആവശ്യപ്പെടണം. അതിന് യുക്തിവാദികൾ മുന്നോട്ടിറങ്ങണം.

കവാനും, അവരുടെ പണം തട്ടിയെടുത്തു് സുഖമായി ജീവിക്കുവാനും, ഈശ്വരന്റെ വിവിധ പേരുകൾമാത്രം മതിയായിരുന്നു. പുരോഹിതർ എന്ന ചൂഷകവർഗ്ഗം, ഈശ്വരൻ എന്ന ചൂഷിതോപാധ്യം ഉപയോഗിച്ചു്, എല്ലാം വിശ്വസിക്കുന്ന പാവം ജനതയെ നിരുപാധികം ചൂഷണംചെയ്തു്, സസുഖം ജീവിച്ചുപോന്നു.

ഇപ്പോഴും തുടരുന്നുണ്ടെങ്കിലും, ആ സാമൂഹ്യരീതിയുടെ ആണിക്കല്ലിനു് തെല്ലിട ഇളക്കം വന്നിട്ടുണ്ടെന്നു് തോന്നുന്നുണ്ടെങ്കിലും, ഇത്തരുണത്തിൽ അതവിടെനില്ക്കട്ടെ ഇതിനുപരി സാമൂഹ്യ വിരുദ്ധവും, ശാസ്ത്രീയമെന്നു് പലരും വിശ്വസിക്കുന്നതുമായ ഒരു നവീന ചൂഷണരീതിയാണു് നമുക്കു് പരാമർശിക്കേണ്ടിയിരിക്കുന്നതു്.

കോടാനുകോടി ഡോളറിന്റെ ദുർവ്യയത്തിനുകാരണഭൂതമായ $Y_2K$ Bug എന്ന നശീകൃത കമ്പ്യൂട്ടർ കീടം, ഇത്തരത്തിലുള്ള ഒരു നവീനശാസ്ത്രീയ ചൂഷണത്തിന്റെ സൃഷ്ടിയായിരുന്നു എന്നു് ലോകത്തിന്റെ പലഭാഗങ്ങളിൽനിന്നും അഭിപ്രായപ്രകടനങ്ങളുണ്ടായിട്ടുണ്ടു്. വാസ്തവം വ്യക്തമായി അപഗ്രഥിച്ചെടുക്കാൻ ഇപ്പോൾ വിഷമമുണ്ടെങ്കിലും, സന്ദിഗ്ദ്ധമായ ഒരു ചെറിയ പ്രശ്നത്തെ ആവശ്യത്തിലേറെ ഊതിവീർപ്പിച്ചു് ധനസമ്പാദനം നടത്തിയ ഒരു ശാസ്ത്രീയ ചൂഷണം തന്നേയായിരുന്നു ഇതെന്നു് പലരും വിശ്വസിക്കുന്നു.

ശാസ്ത്രവും വിശ്വസനീയതയും ഒന്നിച്ചുചേർത്തുവെച്ചുകൊണ്ടാണു്, നമ്മളതു് പഠിച്ചതും പഠിപ്പിച്ചതും ലോകജനതയുടെ ഉല്ക്കർഷത്തിനുവേണ്ടിയാണു് അതിലെ എല്ലാ പഠനങ്ങളും സ്ഥിരീകരണങ്ങളുമെന്നും അതിന്റെ സത്യനിഷ്ഠമായ അനുമാനങ്ങളും നിഗമനങ്ങളും ലോകത്തിൽ എല്ലായിടത്തും അപ്പടിയെത്തിച്ചേരുമെന്നുമൊക്കെ, യുക്തിചിന്തകരായ നമ്മളടക്കം പലരും വിശ്വസിച്ചു. Bill Gates നെപ്പോലെയുള്ള വ്യവസായികൾ സബീർ ഭാട്യയുടെ Hot Mail വിലകൊടുത്തു് വാങ്ങിയതിന്റെ പിന്നിൽ ശാസ്ത്രപരികീർത്തനമോ ശാസ്ത്രപ്രചരണമോ ആയിരുന്നില്ല ഉദ്ദേശമെന്നു് ആർക്കാണറിയാത്തതു്. ശാസ്ത്രനിർമ്മിതികൾ ധനസമ്പാദനത്തിനുവേണ്ടിയായിരിക്കണമെന്നു് നിർബ്ബന്ധിക്കാൻ ശേഷിയും ശേമുഷിയുമുള്ള ഒരു വിഭാഗം ധനാഢ്യർ ഇന്നു് നിലനില്ക്കുന്നുവെന്നതിനുള്ള മകുടോദാഹരണങ്ങളാണു് Bill Gatesഉം, അദ്ദേഹത്തിന്നു കളിക്കാനറിയുന്ന കുരുട്ടുവിദ്യകളും ധനലാഭമുണ്ടാക്കുന്ന കീടങ്ങളെ (Bugs) ഒരു വിഭാഗം ശാസ്ത്രനിപുണർ വളർത്തിവലുതാക്കിയിട്ടുണ്ടെങ്കിൽ, അതിലതിശയിക്കാനൊന്നുമില്ല. അതു് ശാസ്ത്രീയനിഗമനമാണെന്നും, അതു് തെററാൻ വഴിയില്ലെന്നും, അതു് അപ്പടി വിശ്വസിക്കണമെന്നും സാമൂഹ്യനേതാക്കൾ ആഹ്വാനം ചെയ്താൽ, അതിനു് മതത്തിന്റെ ഛായയും മണവുമാണു് ലഭിക്കുക.

മുഴുവൻ സത്യം പറയാതേയും, കളവു് പറഞ്ഞും, ശാസ്ത്രവിജ്ഞാനത്തിന്റെ പേരിലാണെങ്കിൽ പോലും, ഒരു കമ്പ്യൂട്ടർ വ്യവസായി ധനലാഭമുണ്ടാക്കിയാൽ, ഒരു വ്യവസായിയുടെ അവസരോചിതമായ ഒരു നയതന്ത്രജ്ഞതയായി മാത്രമേ നാം അതു് കാണുകയുള്ളൂ. നേരെമറിച്ചു്, നമ്മുടെ കഥാവസ്തുവായ ശരീരശാസ്ത്ര

ത്തിന്റെ പേരിൽ, ആധുനിക വൈദ്യശാസ്ത്രത്തിൽ അത്തരത്തിലുള്ള വല്ലതും സംഭവിക്കുകയാണെങ്കിൽ, അതിൽ മനുഷ്യത്വമില്ലായ്മയാണ് മുററി നില്ക്കുക. ധനനാശം സംഭവിക്കുന്നതിനുപുറമേ, ആവശ്യമില്ലാത്തതും ഉപദ്രവകാരികളുമായ രാസപദാർത്ഥങ്ങൾ ശരീരത്തിൽ കടന്നുകൂടാനനുവദിച്ചാൽ ശരീരത്തിനുണ്ടാകുന്ന അനാശാസ്യ പ്രക്ഷയങ്ങൾക്കും ആ ശാസ്ത്രജ്ഞർ ഉത്തരവാദികളാവുന്നതുകൊണ്ട്, അവരെപ്പററി, അറിയാവുന്നേടത്തോളമുള്ള ഒരു മുന്നറിയിപ്പ് ജനങ്ങൾക്കു നല്കാൻ യുക്തിചിന്തകർ കർമ്മബദ്ധരാണ്.

ആധുനിക വൈദ്യശാസ്ത്രത്തെ ചോദ്യം ചെയ്യുന്നതിന്റെ അപാകതയെക്കുറിച്ച്, സൌമുഖേനയല്ല പല യുക്തിചിന്തകരും അഭിപ്രായ പ്രകടനം നടത്തിയതു്. യുക്തിവിചാരത്തിന്റെ ഈ ജനുവരി ലക്കത്തിലും, അത്തരത്തിലുള്ള ശാസ്ത്രവിരുദ്ധരെ കരുതലോടെ നേരിടണമെന്ന ഒരു ആഹ്വാനധ്വനി മുഴങ്ങി കേൾക്കുന്നതു്. സർവ്വംകഷമായ, വ്യാപകമായ അത്തരത്തിലുള്ള അഭിപ്രായ പ്രകടനങ്ങൾ അഭികാമ്യമാണെന്ന് എനിക്ക് തോന്നുന്നില്ല. വൈദ്യശാസ്ത്രത്തിലെ ഔഷധനിർമ്മാണ, വാണിഭരീതികളും സമ്പ്രദായങ്ങളും, അതിന്റെ ഗവേഷണങ്ങൾക്ക് പണംമുടക്കുന്ന സ്വകാര്യസ്ഥാപനങ്ങളുടെ സ്ഥാപിത താല്പര്യങ്ങളും, മരുന്നുകളുടെ പ്രയോജനം തീരുമാനിക്കാനുപയോഗിക്കുന്ന സ്ഥിതിവിവര ശാസ്ത്രത്തിന്റെ (Statistics) സംശയാതീതത്വമില്ലായ്മയും ഇതിനെല്ലാം പുറമേ ഔഷധ നിർമ്മാണകർത്തന്നെ സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്ന സ്ഥിതി വിശേഷങ്ങളും, എല്ലാം ചേർത്തു് തുലനം ചെയ്യുമ്പോൾ, വിപണികളിൽ ലഭിക്കുന്ന എല്ലാ മരുന്നുകളും ആവശ്യമുള്ളവയായിരിക്കുമെന്നോ, നൂറു ശതമാനം സ്വീകാര്യമായിരിക്കണമെന്നോ ഡോക്ടർമാർക്കുപോലും പറയാൻ സാധിക്കില്ല. അതുകൊണ്ടുതന്നേയല്ലെ, എല്ലാവിധ അമേരിക്കൻ സൂക്ഷ്മ, പരീക്ഷണ, നിരീക്ഷണങ്ങൾക്കുംശേഷം അവതരിപ്പിക്കപ്പെട്ട പല മരുന്നുകളും, താമസംവിനാ വിപണികളിൽനിന്നു് പിൻവലിക്കേണ്ടിവന്ന സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടതു്. അത്തരം മരുന്നുകൾ ഉപയോഗിച്ച പലരും മരിച്ചിരിക്കാം. അത്യധികം പ്രതിരോധശക്തിയുള്ളവർ, സുഖക്കേടിനു് പുറമേ, മരുന്നിന്റെ നശീകൃത ശക്തികളേയും കൂടി ചെറുത്തു് രക്ഷപ്പെട്ടിട്ടുമുണ്ടാവാം. ഇതൊന്നും കണക്കിലെടുക്കാതെ, ശാസ്ത്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഔഷധനിർമ്മാണം സംശയാതീതം തന്നേയായിരിക്കുമെന്നു് ഉറപ്പിച്ച് വിശ്വസിക്കാൻ തുടങ്ങിയാൽ, അത്തരം ശാസ്ത്രങ്ങൾ മതങ്ങളായിത്തുടങ്ങിയെന്നാണ് സാരം.

അന്യോന്യം യാതൊരു ബന്ധവുമില്ലാത്ത, വിവിധ ചികിത്സാരീതികൾ (അലോപ്പതി, ഹോമ്യോപ്പതി, ആയുർവ്വേദം, യുനാനി, റെയ്ക്കി, എക്യുപംക്ചർ എന്നിവ), ഒരേതരം സുഖക്കേടുകൾ തന്നെ മാററിയതിനു് ധാരാളം തെളിവുകളുണ്ട്. അതുകൊണ്ടുമാത്രമാണ് എല്ലാ ചികിത്സാരീതികളും ഇന്നും തഴച്ചു വളരുന്നതു്. നിർദ്ദേശിക്കപ്പെടുന്ന മരുന്നുകൾ തമ്മിൽ യാതൊരു ബന്ധവുമില്ലെങ്കിലും, എല്ലാ ചികിത്സാരീതികൾക്കും പൊതുഘടകങ്ങളായ ചില യാഥാർത്ഥ്യങ്ങളും, അവരവലംബിക്കുന്ന ചില പത്ഥ്യരീതികളുമുണ്ട്. മനുഷ്യന്റെ സ്വ

തസ്സിദ്ധമായ പ്രതിരോധശക്തി, രോഗശമനത്തിനെടുക്കുന്ന ഏതാനും ദിവസങ്ങൾ, ചികിത്സയോടൊന്നിച്ച് നിർദ്ദേശിക്കപ്പെടുന്ന വിശ്രമം, കൂടെപ്പോകുന്ന പോഷകാഹാരങ്ങളും, പത്ഥ്യങ്ങളും മററുനിയന്ത്രണങ്ങളും, അതാതു ചികിത്സാസമ്പ്രദായത്തോടും വൈദ്യനോടും രോഗിക്കുള്ള ദൃഢവിശ്വാസം എന്നീ പൊതുഘടകങ്ങൾ, മരുന്നു കഴിച്ചാലും ഇല്ലെങ്കിലും രോഗശമനത്തിനെ ത്വരിതപ്പെടുത്തുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അങ്ങനെയാവുമ്പോൾ, രണ്ടു നിഗമനങ്ങൾ ഉരുത്തിരിയുന്നുണ്ട്. ഒന്നു്, എല്ലാ മരുന്നുകളും രോഗശമനം കൈവരുത്താൻ കെല്പുള്ളവയാണ്. അല്ലെങ്കിൽ, ഒരു മരുന്നിനും രോഗശമനശക്തിയില്ല. മണിപ്പാൽ എക്കാഡമി ഓഫ് ഹയർ എഡ്യുക്കേഷൻ (Manipal Academy of Higher Education) വൈസ് ചേൻസലർ, Dr. B. M. Hegde F. A. C. C, F. R. C. P, F. R. C. P. G., F. R. C. P. E, F. I. C. C. F. I. C. P, F.R.C.P (I) ഇതിനിടെ Times of India യിലെ എം. ഡി. നാലപ്പാടിനു നല്കിയ ഒരു അഭിമുഖത്തിൽ സൂചിപ്പിച്ചതു് ഇത്തരുണത്തിൽ ഓർക്കാതിരിക്കാൻ വയ്യ:

''ആധുനിക ഔഷധങ്ങൾ വിജയിച്ചതു് അടിയന്തര ചികിത്സാ വിഭാഗത്തിൽ മാത്രമാണ്. അതും, മിക്കവാറും വെറും താല്ക്കാലികശമനത്തിനുമാത്രം''.

ഒരു ശാസ്ത്രീയ ചർച്ച അർഹിക്കുന്ന ഒരു വിഷയമാണ് ഇതെന്നു് നിസ്സംശയം പറയാം.

Statistics ഉപയോഗിച്ചു് പ്രകടമാക്കുന്ന സാഫല്യപ്പെരുമകൾക്കു് അതിനേർത്തായ അതൃത്തിവരമ്പുകളുണ്ട്. ഒരു വിമാനം പറപ്പിക്കുവാനോ, ശൂന്യാകാശസഞ്ചാരത്തിനോ അത്തരത്തിലുള്ള ശാസ്ത്രനിഗമനങ്ങൾ ഉപകരിക്കില്ല എന്നിട്ടും, ജീവിതവും മരണവുംകൊണ്ടു് കയ്യാംകളി കളിക്കുന്ന ചികിത്സാശാസ്ത്രം, അത്തരത്തിലുള്ള നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ, ഔഷധ പ്രയോഗങ്ങൾ നടത്തുമ്പോൾ, സംശയാലുക്കൾ ഉന്നയിക്കുന്ന ചോദ്യങ്ങളെ യുക്തിചിന്തകർപോലും അക്ഷോഭ്യരായി നേരിടുന്നില്ല. യുക്തിചിന്തകരും, അറിയാതെ തന്നെ, ശാസ്ത്രത്തെ മതമാക്കിമാററാൻ സഹായിക്കുകയാണോ?

O


## വാങ്ങുക ! വായിക്കുക !! പ്രചരിപ്പിക്കുക !!!

കഴിഞ്ഞ 23 കൊല്ലമായി ഒററലക്കം മുടക്കം വരുത്താതെ പ്രസിദ്ധീ
കരിച്ചുകൊണ്ടിരിക്കുന്ന യുക്തിവാദികളുടെ താത്വികമാസിക

## യുക്തിവിചാരം

ഒററകോപ്പി 5 ക. വാർഷികവരിസംഖ്യ : 50 ക.

ആവശ്യപ്പെടുക:– യുക്തിവിചാരം, കുററിപ്പുഴ നഗർ, തൃശ്ശൂർ-680 004

# സാമൂഹ്യസാംസ്കാരിക വിപ്ലവം

## റാവിപുടിവെങ്കിടാദ്രി

(13-11-99ൽ കൊല്ലത്തുവച്ചു നടന്ന ഇൻഡ്യൻ യുക്തിവാദ സംഘത്തിന്റെ 69-ാം ദേശീയ സമ്മേളനത്തിൽ റാവിപുടി വെങ്കിടാദ്രി നടത്തിയ അദ്ധ്യക്ഷപ്രസംഗം)

ഏതാണ്ട് എഴുപതുവർഷം മുമ്പ് ബോംബെയിൽ ഇൻഡ്യൻ യുക്തിവാദ പ്രസ്ഥാനം ആരംഭിച്ചപ്പോൾ അതൊരു പുരോഹിത ക്രിയാ വിരുദ്ധ (Anti-Priest Craft) പ്രസ്ഥാനമായിരുന്നു. ഒരു വർഷത്തിനകം തന്നെ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിപുലപ്പെടുത്തുകയും പ്രസ്തുത ലക്ഷ്യങ്ങളും ആദർശങ്ങളും വാർത്താപത്രിക 'റീസൺ' (Reeson) വഴി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. അതിൽ പ്രധാനമായതിതാണ്:

'ഇൻഡ്യാരാജ്യത്തിലെ ജനങ്ങളുടെ അന്ധവിശ്വാസാധിഷ്ഠിതമായ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കുമെതിരെ പൊരുതുകയും, വിനാശകരമായ പുരോഹിത കർമ്മങ്ങളിൽ നിന്നും അവർക്കു സംരക്ഷണം നൽകുകയും, ശാസ്ത്രീയ മനോഭാവം ജനങ്ങളിലുളവാക്കുവാൻ പര്യാപ്തമായ വിദ്യാഭ്യാസത്തിനുവേണ്ടി അവരെ സജ്ജരാക്കുകയും, യുക്തിബദ്ധമല്ലാത്തതും സാമാന്യബോധത്തിനപ്പുറത്തുള്ള യാതൊന്നും സ്വീകരിക്കാതിരിയ്ക്കാൻവേണ്ടി അന്വേഷണാത്മക ശീലം അവരിൽ വളർത്തുകയും, വിശ്വാസകാര്യങ്ങളിൽ അതെത്രതന്നെ പ്രാക്തനമായാലും സ്മരണീയമായാലും അത്തരം നിയമ നിബദ്ധമല്ലാത്ത പ്രമാണങ്ങളെ തിരസ്ക്കരിക്കുവാൻ ജനങ്ങളെ പ്രാപ്തരാക്കുകയും ചെയ്യുക''

റീസൻ വളരെ വ്യക്തമായി പ്രഖ്യാപിച്ചു: 'മതപരമായ കാര്യങ്ങളിൽ ജനങ്ങളെ വേണ്ടവിധം ബോധവൽക്കരിക്കുകയോ, യുക്തിബോധത്തിന്റെ വെളിച്ചത്തിൽ അവയെ സമീപിക്കുവാൻ തയ്യാറാക്കപ്പെടുകയോ ചെയ്യുന്നതു വരെ യഥാർത്ഥ പുരോഗതി കൈവരിക്കുവാനോ, പല വിശ്വാസങ്ങളും ആചാരങ്ങളും വച്ചുപുലർത്തുന്ന ജനങ്ങളിൽ ശാശ്വതമായ പരസ്പര ധാരണ ഉളവാക്കുവാനോ രാഷ്ട്രീയമായി മാത്രമല്ല സാമൂഹ്യമായിപ്പോലും ദൃഢമായ ഏകാത്മകതയിലേക്കു അവരെ നയിക്കുവാനോ സാദ്ധ്യമല്ല.''

രണ്ടാംലോകമഹായുദ്ധകാലത്ത് യുക്തിവാദസംഘത്തിന്റെ പ്രവർത്തനങ്ങൾ മിക്കവാറും നിശ്ചലമായിപ്പോയിരുന്നു. പ്രധാന കാരണം സ്വാതന്ത്ര്യസമര തിരക്കുതന്നെയായിരുന്നു. പത്തുവർഷത്തെ നിഷ്ക്രിയതയ്ക്കുശേഷം 1949-ൽ 'ഇൻഡ്യൻ യുക്തിവാദ സംഘം' എന്ന പേരിൽ അത് പ്രവർത്തനനിരതമായി. വിഘടന പ്രവണത ഒഴിവാക്കുവാനും, ബോംബെയിൽ വച്ചെടുത്ത തീരുമാനങ്ങളുടെ പൂർത്തീകരണത്തിനും വേണ്ടി ഞങ്ങൾ 1994-ൽ ഹൈദ്രാബാദിൽ കൂടിയ കൺവെൻഷനിൽ വച്ച് ''ഭാരതീയ യുക്തിവാദസംഘം'' **(Rationatist Association of India)** എന്ന പേരുതന്നെ സ്വീകരിച്ചു.

ഇപ്പോൾ (R. A. I. യ്ക്ക്) ഭാരതീയ യുക്തവാദ സംഘത്തിന് U I H E -ൽ (International Humanist and Ethienl Goion) പൂർണ്ണ അംഗത്വമുണ്ട്.

കഴിഞ്ഞ എഴുപതുകൊല്ലത്തെ പുരോഗതി വിലയിരുത്തിയാൽ അതിന്റെ ഉപജ്ഞാതാക്കൾ ലക്ഷ്യമിട്ടതു് പ്രാപിക്കുവാൻ സാധിച്ചിട്ടില്ലായെന്നു കാണാം. സ്വാതന്ത്ര്യാനന്തര സർക്കാർ തൊട്ടുകൂടായ്മയ്ക്കെതിരെയുള്ള നിയമം ഒഴിച്ചൊരു സാമൂഹിക പരിഷ്ക്കരണം നിയമവും കൊണ്ടുവന്നില്ല. അതാകട്ടെ ഡോ. അംബേദ്ക്കറുടെ ശ്രമഫലവും. 1829-ൽ സതി നിരോധിക്കപ്പെട്ടു. വിധവാ വിവാഹം 1857-ൽ നിയമവിധേയമാക്കി. 14 വയസ്സിൽ താഴെയുള്ള പെൺകുട്ടികളുടെ വിവാഹം 1929-ൽ ശിക്ഷാർഹമാക്കി. ഇതെല്ലാം തന്നെ സ്വാതന്ത്ര്യലബ്ധിക്കുമുമ്പാണുതാനും. അത് ജനങ്ങളുടെ അംഗീകാരത്തോടെയല്ല മറിച്ച് കററ പ്രബുദ്ധരുടെ മാനുഷീക പരിഗണയാൽ മാത്രം. ലോകമാന്യതിലകൻ രണ്ടു വർഷം ശൈശവ വിവാഹത്തിനെതിരെ പൊരുതി. ഞാനിത്രയും പറഞ്ഞത് രാഷ്ട്രീയ സ്വാതന്ത്ര്യസമര പങ്കാളികളുടെ ഏകദേശ മനോഭാവം നിങ്ങളുടെ പരിഗണനയ്ക്കു കൊണ്ടുവരാനാണ്. സമൂലമായ സാമൂഹ്യ പരിവർത്തനങ്ങൾക്ക് പൂർണ്ണമായും യുക്തിയധിഷ്ഠിത മനസ്സുകൾക്കല്ലാതെ മറ്റൊന്നിനും സാദ്ധ്യമല്ല. സാധാരണ പരിഷ്കർത്താക്കളെല്ലാംതന്നെ മതവിശ്വാസികളായതുകൊണ്ടു് മതത്തിനുള്ളിലെ പരിഷ്ക്കാരങ്ങളാണവരുടെ ലക്ഷ്യവും. അവരുടെ കാഴ്ചപ്പാട് മാനുഷീകവുമായിരുന്നു. എന്നാൽ യുക്തിവാദികൾ മതനിരപേക്ഷകരായതുകൊണ്ടു് സാമൂഹിക സാംസ്ക്കാരിക മാറ്റങ്ങൾക്ക് ലക്ഷ്യമിടാൻ സാധിക്കുന്നു. എല്ലാ പ്രശ്നങ്ങളോടുമുള്ള അവരുടെ സമീപനം വളരെ ശാസ്ത്രീയവും വൈവിധ്യമായ അറിവുകളുടെ സമന്വയത്തിലധിഷ്ഠിതവുമാണ്. അവർ വിമർശനാത്മക ബുദ്ധി ഉപയോഗിക്കുകയും മാനുഷീകമായ തീരുമാനങ്ങളിലെത്തുകയും ചെയ്യുന്നു. അവരുടെ തീരുമാനങ്ങൾ യുക്തിപൂർവ്വവും, ഭൗതികാത്മകവും മൂല്യനിബദ്ധവും ആയിരിക്കും. ആശയ സ്വാതന്ത്ര്യത്തിനും മാനവികാധിപത്യത്തിനും പരമ പ്രധാനമായ മൂല്യം അവർ കല്പിക്കുന്നു. മാനവീകാധിപത്യം ഒരു രാഷ്ട്രീയ ദർശനമല്ല മറിച്ച് അതൊരു സാമൂഹ്യ ആദർശമാണ്, സാമൂഹിക ജീവിതത്തിനുവേണ്ടിയുള്ള ഒരു ക്രമീകരണോപാധിയായി മാത്രം. ഒരു മനുഷ്യ നിർമ്മിത സ്ഥാപനമായി മാത്രം, അവർ രാഷ്ട്രീയത്തെ കാണുന്നു.

രാഷ്ട്രീയം മനുഷ്യജീവിതത്തെ മുഴുവനും വലയം ചെയ്യുന്ന ദുഃഖകരമായ സ്ഥിതിയാണിപ്പോൾ. രാഷ്ട്രീയത്തിന്റെ നീരാളിപിടുത്തത്തിൽ നിന്നും യാതൊന്നിനും രക്ഷപെടുവാൻ സാധിക്കില്ലെന്നായി. സമൂഹത്തിലെ എല്ലാത്തിനെയും മലീമസമാക്കികൊണ്ടു് അതൊരു പ്രബല ശക്തിയായി മാറിയിരിക്കുന്നു ഈ ദുരവസ്ഥ മാറ്റുന്നതിന് സാമൂഹ്യ-സാംസ്കാരിക രൂപാന്തരത്തിനും പ്രേരകമായ ഒരു സാമൂഹ്യസാംസ്കാരിക വിപ്ലവ പ്രാപ്തിക്കു് എല്ലാ കാര്യങ്ങളിലും യുക്തി ഭദ്രമായ ഒരു മാനുഷീക സമീപനം വളരെ അവശ്യമായിരിക്കുന്നു,

ബഹുഭൂരിപക്ഷം ആളുകളും മൂല്യങ്ങളോട് യുക്തിപൂർവ്വമായ ഒരു സമീപനം സ്വീകരിക്കുന്നില്ല എന്നുമാത്രമല്ല അതിനെ നിരാകരിക്കുകയാണ് ചെയ്യുന്നത്. കാലാകാലങ്ങളിൽ മാററത്തിനു വിധേയമായ പല പല സ്ഥാപനങ്ങളും മനുഷ്യൻ കണ്ടുപിടിച്ചിട്ടുണ്ട്. പ്രാചീന മനുഷ്യജീവിതവും ആധുനിക ജീവിതവും തമ്മിലുള്ള വ്യത്യാസം നാം താരതമ്യപ്പെടുത്തിയാൽ നമ്മളും വളരെ ബഹുത്തായ പുരോഗതി കൈവരിച്ചതായികാണാം. പുരോഗതി എന്നുവച്ചാൽ നല്ല ഒരവസ്ഥയ്ക്കുവേണ്ടിയുള്ള മാററമാണ്. മാനുഷീകമായ എല്ലാ നേട്ടങ്ങളും മനുഷ്യൻ യുക്തിബോധത്തെ ഉപയോഗപ്പെടുത്തിയതു മൂലമാണെന്നു കാണാം.

യുക്തിയുടെ സൈദ്ധാന്തിക സങ്കീർണ്ണതകളിലേയ്ക്കു ഞാനിപ്പോൾ കടക്കുന്നില്ല. എന്നാൽ ഒരു കാര്യം നാം പ്രത്യേകം ശ്രദ്ധിക്കണം. മനുഷ്യചരിത്രമെന്നു വച്ചാൽ യുക്തിയും നിർയുക്തിയും തമ്മിലുള്ള പോരാട്ടമാണ്. ആ പോരാട്ടങ്ങളിൽ യുക്തിയ്ക്കു നിർയുക്തിയുടെ മേലുള്ള വിജയത്തിൻെറ പരിണതഫലങ്ങളാണ് പുരോഗതി. വിമർശനാത്മകവും ധൈഷണികവുമയാ യുക്തി എല്ലായ്പ്പോഴും നിർയുക്തിയെ സ്ഥാനഭ്രഷ്ടമാക്കുന്നു ശാസ്ത്രത്തിൻെറ പുരോഗതിതന്നെ ഇതിനു തെളിവാണ്. അത് ഭൗതികപ്രതിഭാസങ്ങളുടെ കാരണം പ്രകൃതിയിൽ തന്നെ അന്വേഷിച്ചു കണ്ടുപിടിക്കുന്നു. എന്നാൽ മതം അത് പ്രകൃതിയ്ക്കുപുറത്തെവിടെയോ അന്വേഷിക്കുന്നു. അതുകൊണ്ടാണ് നിശ്ചലമായ ആശയങ്ങളേയും സിദ്ധാന്തങ്ങളെയും മതം പ്രതിനിധികരിക്കുന്നതു്.

ഇതേ കാര്യങ്ങളെല്ലാം ശരിയാണെന്നു നാം ചരിത്രം പരിശോധിച്ചാൽ കാണുന്നു. ആധുനിക ശാസ്ത്രീയ രീതികൾ ഇല്ലാതിരുന്ന പ്രാചീനകാലത്ത് തത്വചിന്തകന്മാർ പ്രകൃതിയിലെ പ്രതിഭാസങ്ങളുടേയും സംഭവങ്ങളുടേയും കാരണങ്ങൾ അന്വേഷിച്ചു, ചില അനുമാനങ്ങൾ നടത്തിയിരുന്നു. ഇൻഡ്യയിൽ അത്തരം അന്വേഷകരെ ചാർവാകന്മാർ എന്നു വിളിച്ചിരുന്നു. മത നേതാക്കന്മാർ ലോകസൃഷ്ടാവും നിയന്ത്രിതാവുമായി ആദ്യകാരണത്തെ ദൈവമെന്നു പരികല്പന ചെയ്തു. ചാർവാകന്മാർ അതിനെ ചോദ്യം ചെയ്തു. ''എന്താണ് ദൈവത്തിൻെറ കാരണം?'' ദൈവം എങ്ങനെയുണ്ടായി എന്ന ആ ചോദ്യം അന്നും ഇന്നും പ്രസക്തമാണ്. പ്രപഞ്ചം സ്വയം സംപൂർണ്ണമെന്നു (Self Coured) ചാർവാകന്മാർ പറഞ്ഞു. ഒരു മതത്തിനും ഇതുവരെ ഒരു എതിർവാദമുന്നയിയ്ക്കുവാൻ സാധിച്ചിട്ടില്ല. കാര്യവും കാരണവും തമ്മിലുള്ള ചേരിതിരിവ് അവിടെ അവസാനിച്ചു. ദൈവമുണ്ടായതിൻെറ കാരണം മതവിശ്വാസികൾക്ക് ഇതുവരെ കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ല. (ദൈവം ഒരു കാര്യമായി കരുതാമെങ്കിൽ) ഒന്നുമില്ലായ്മയിൽ നിന്നും എന്തെങ്കിലുമുണ്ടാകുവാൻ സാദ്ധ്യമല്ലെന്നുള്ളതു് സാംഖ്യദർശനത്തിൻെറ തത്വമാണ്. സാംഖ്യകാരന്മാർ പ്രകൃതി പരമമായത് എന്നു പറഞ്ഞു. ''പ്രകൃതി'' അതിൽ തന്നെ സൂചിപ്പിക്കുന്നത് സൃഷ്ടിക്കപ്പെട്ടതു് അല്ല എന്നാണ്. സാംഖ്യദർശനം പ്രകൃതിയെ (ദ്രവ്യം) പ്രാഥമികമായാണ് കാണുന്നത്. മറെറല്ലാം ദ്വിതീയവും. വൈശേഷികദർശനം 'കണ'ത്തെ പ്രകൃതിയുടെ അന്തിമ ഘടകമായി കരുതുന്നു. ഇന്ദ്രിയങ്ങളും വസ്തുക്കളും തമ്മിലുള്ള സമ്പർക്കം

മൂലം എല്ലാ അറിവുകളും ഉണ്ടാകുന്നുവെന്നു ന്യായശാസ്ത്രം പറയുന്നു. ഇതെല്ലാം പ്രാചീനദാർശനികർ അവരുടെ ജാജ്ജ്വല്ല്യമായ യുക്തിചിന്തവഴി കണ്ടെത്തിയ ഭൗതികവാദാധിഷ്ഠിതമായ നിഗമനങ്ങളാണ്, അതുകൊണ്ടാണ് തത്വചിന്തമത ത്തിനെതിരെ നിൽക്കുന്നുവെന്നു നാം മനസ്സിലാക്കുന്നത്. മതസംഹിതയിൽ തത്വചിന്തയെ അന്വേഷിക്കുന്നതു് നിഷ്ഫലമായ കാര്യമാണ്. പ്രകൃത്യാതീത ശക്തികളിൽ കാരണമന്വേഷിക്കുന്ന നിമിഷത്തിൽ തന്നെ മതം തത്വചിന്തയു മായുള്ള ബന്ധം വിടുന്നു. സത്യത്തിൽ എല്ലാ മതങ്ങളും അശാസ്ത്രീയവും അസത്യ വുമായ ആശയങ്ങളെ പ്രതിനിധികരിക്കുന്നു. തെററായ നിഗമനങ്ങളിൽ പട്ടുത്തു യത്തിയിരിക്കുന്ന വാദഗതികൾ തത്വദർശനപരമല്ല.

പ്രാക്തന തത്വചിന്തകന്മാർ ഊഹാപോഹങ്ങളിലധിഷ്ഠിതമായ ദർന ത്തെ ആശ്രയിച്ചിരിക്കുന്നു. ഇക്കാലങ്ങളിൽപോലും ശാസ്ത്രജ്ഞർ പരികല്പന കൾ നിർദ്ദേശിക്കുകയും അതു് പരീക്ഷണ മാർഗ്ഗങ്ങളിൽ തെററെന്നു കണ്ടാൽ ഉപേക്ഷിക്കുകയും ചെയ്യുന്നു. ഇന്നു് എല്ലാത്തരം ശാസ്ത്രീയ കണ്ടെത്തലുകളും സത്യത്തോടുള്ള ഏകദേശ സമീപനങ്ങളേ ആകുന്നുള്ളൂ. ഇപ്പോൾതന്നെ നാം പ്രപഞ്ചത്തെയും അതിൻെറ നല്ലയളവിൽ നമ്മുടെ അധീനതയിൽ ആക്കിക്ക ഴിഞ്ഞു, പ്രാചീനതത്വചിന്തകന്മാരുടെ വ്യത്യസ്ഥങ്ങളായ നിഗമനങ്ങളെയും നിരീക്ഷണങ്ങളേയും നമുക്കു മനസ്സിലാക്കുവാൻ പ്രയാസമില്ല. എന്നാൽ സത്യം കണ്ടെത്തുകയോ അല്ലെങ്കിൽ സത്യത്തോടു് ഏറെക്കുറെ സമീപിക്കുകയോ ചെയ്യുന്ന ആധുനിക തത്വ ചിന്തകന്മാരുടെ വ്യത്യസ്ഥങ്ങളായ നിഗമനങ്ങളെ നമുക്കു മനസ്സിലാക്കുവാൻ വളരെ പ്രയാസമാണ്.

ലോകത്തിലെ ചില വികസിത രാജ്യങ്ങൾ ഒരു രണ്ടാം നവോത്ഥാനത്തിനു തുടക്കം കുറിക്കുവാൻ തയ്യാറാകുമ്പോൾ നമ്മൾ ഇൻഡ്യയിൽ ഒന്നാം നവോത്ഥാ നത്തിൻെറ പടിവാതുക്കൽ എത്തിയിട്ടുപോലുമില്ല. നവോത്ഥാനത്തിൻെറ അലസിയ ഉദ്യമങ്ങൾ കഴിഞ്ഞകാലത്തു് ഇവിടെ നടന്നുവെങ്കിലും അതെല്ലാം മതനേതാക്കൾ തള്ളിക്കളഞ്ഞു. അന്നു് യൂറോപ്പിൽ നവോത്ഥാനം തുടങ്ങിയ പ്പോൾ എതിർ പ്രസ്ഥാനം ശങ്കരാചാര്യർ ഇൻഡ്യയിൽ തുടങ്ങിവെച്ചു. പാശ്ചാത്യ വിജ്ഞാന മാർഗ്ഗത്തിൻെറ ചുവടുപിടിച്ചു് ഇവിടെ ഒരു നവോത്ഥാന പ്രസ്ഥാനത്തിനു് തുടക്കമിട്ടപ്പോൾ ദയാനന്ദനും, വിവേകാനന്ദനും ശങ്കരാചാര്യ രുടെ അതേഭാഗം അഭിനയിച്ചു. എങ്കിലും സാമൂഹിക മാററങ്ങൾക്കുവേണ്ടിയുള്ള ഒരു നൂതന പ്രസ്ഥാനത്തിൻെറ പ്രതീക്ഷ നാം കൈവെടിയുന്നില്ല.

ഇന്നു നാം ജീവിക്കുന്നതു് അന്ധവിശ്വാസാചാരങ്ങൾ നിറഞ്ഞ കലുഷിത മായ ഒരു സമൂഹത്തിലാണ്. ജാതി വ്യവസ്ഥ നീരോധിക്കുന്നതിനു് ഭരണ ഘടനാപരമായ സാദ്ധ്യതകൾ നമുക്കില്ല. നാൾക്കുനാൾ ജാതീയം ഇൻഡ്യൻ രാഷ്ട്രീയത്തിൽ സ്വാധീനം ചെലുത്തുന്നു. ഇവിടെ ഒരു രാഷ്ട്രീയപാർട്ടിക്കും ശരിയായ സാമൂഹികപരിവർത്തനത്തിനുവേണ്ടിയുള്ള നയങ്ങളില്ല. എല്ലാ പാർട്ടികൾക്കും പാവപ്പെട്ടവരെ ഉദ്ധരിക്കുന്നതിനുള്ള വാഗ്ദാനങ്ങളുണ്ട്. ആരും അവരുടെ അധഃസ്ഥിതിയെപ്പററി ചിന്തിക്കുന്നില്ല. ഇതു് നിർവ്വീര്യമായി

# യുക്തിവാദിയുടെ മരണാനന്തര ക്രിയകൾ

## ഡോ: ലാസർ

യുക്തിവാദികളും ദൈവവിശ്വാസികളും മരണം സുനിശ്ചിതമാണ്. എന്നെങ്കിലുമൊരുദിവസം ഈ ഭൗതിക ജീവിതം ഉപേക്ഷിക്കേണ്ടിവരുമല്ലോ എന്നോർക്കുമ്പോൾ ഇരുകൂട്ടർക്കും ഉൾക്കിടിലമുണ്ടാവുണ്ട്. പുതിയ തലമുറയ്ക്ക് വഴിയൊഴിഞ്ഞുകൊടുക്കേണ്ടതു് പ്രകൃതിയുടെ നിയമമാണല്ലോ എന്നറിയുന്ന യുക്തിവാദികൾ മരണത്തിനുവേണ്ടി തങ്ങളെ സ്വയം സജ്ജരാക്കുകയാണ് ചെയ്യുന്നതു്.

മതവിശ്വാസിക്ക് മരണം മറ്റൊരു ആത്മീയ ജീവിതത്തിലേക്കുള്ള കാൽവെപ്പാണ്. മരണം തീരുമാനിക്കപ്പെടുന്നതു് ജനനസമയത്തു് ദൈവം എറിഞ്ഞുകൊടുത്ത ആത്മാവ് പറന്നുപോകുന്നതോടെയാണ്. ആത്മാവ് പുറത്തു് പോയതുകൊണ്ട് മരണം സംഭവിച്ചിരിക്കുന്നു എന്നുള്ള സാക്ഷ്യപത്രം പുരോഹിതനാണ് നല്കേണ്ടതെങ്കിലും ഏതോ ആശയക്കുഴപ്പത്തിന്റെ പേരിൽ പുരോഹിതൻ തന്റെ കർത്തവ്യത്തിൽനിന്നു് വിട്ടുനില്ക്കുകയാണ് ചെയ്തിരിക്കുന്നതു്. തൽസ്ഥാനത്ത് ഒരു ഡോക്ടറാണ് അങ്ങിനെയൊരു സാക്ഷിപത്രം ആധികാരികമായി ഇപ്പോൾ നല്കുന്നതു്. ശാസ്ത്രത്തിന്റെ പിൻബലത്തോടെയാണ് മരണം തിട്ടപ്പെടുത്തി ഡോക്ടർ സാക്ഷിപത്രം തയ്യാറാക്കുന്നതു്. മതവിശ്വാസിയായ ഒരു ഡോക്ടറും മരണം തിട്ടപ്പെടുത്തുന്നതും നാഡീമിടിപ്പുകൾ നിന്നോ എന്നു് പരിശോധിച്ചുകൊണ്ടാണ്. ആത്മാവു് പോയോ എന്നു പരിശോധിച്ചിട്ടല്ല. തന്റെ ആത്മീയ ഗുരുവായ പുരോഹിതനുമായി ആലോചിച്ച് മരണം തിട്ടപ്പെടുത്തേണ്ട വിശ്വാസിയായ ഒരു ഡോക്ടർ, ഇപ്പോൾ ചെയ്യുന്നതു് തന്റെ മതവിശ്വാസത്തെ സർക്കാർ ഫീസിനുവേണ്ടി വഞ്ചിക്കുകയാണ്.

പുറത്തുപോകുന്ന ആത്മാവിനെ സ്വർഗ്ഗത്തിലേക്കെത്തിക്കാൻ മതങ്ങൾക്ക് അവരുടേതായ കർമ്മങ്ങളുണ്ട്. പിരിഞ്ഞുപോയ ആത്മാവിനു് ജഡത്തിൽ പ്രവേശിക്കുവാനുള്ള അവസരം ദൈവം ഒരുക്കിയിയിട്ടുണ്ട് എന്ന വിശ്വാസംകൊണ്ടാണ് ജഡം സംസ്കരിക്കുമ്പോഴും മതപരമായ ചടങ്ങുകൾ നിർവ്വഹിക്കപ്പെടുന്നതു്. പക്ഷേ, ഉദ്ദേശിച്ച കാര്യം നടത്താൻ മതവിശ്വാസികൾ ആത്മാർത്ഥമായി പണിപ്പെടുന്നില്ലെന്നുള്ളതു് വേറെകാര്യം. അന്ത്യവിധിയുടെ നാളുകളിൽ ആത്മാവിനു വീണ്ടും പ്രവേശിക്കുവാൻ തക്കവിധം ജഡം കേടുപാടുകൾ

---

പ്പോവാനേ വഴിയുള്ളു നിർവീര്യത മികപ്പോഴും ആദർശവ്യതിയാനത്തിലെ ചെന്നെത്തു. ബുദ്ധിസം പോലുള്ള പ്രസ്ഥാനങ്ങൾക്ക് ആദർശവ്യതിയാനം സംഭവിച്ചതു് ചരിത്രത്തിൽ നാം കാണുന്നു.

ആഴത്തിലും പരപ്പിലും നേട്ടങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ആദർശത്തിന്റെ വിശാലമായ നമ്മുടെ ഈ പ്രസ്ഥാനം നല്ല ലക്ഷ്യത്തോടെ മുന്നേറട്ടെ. അതു് തീർച്ചയായും സാമൂഹ്യ-സാംസ്കാരിക വിപ്ലവത്തിനു നിമിത്തമാകും.

പരിഭാഷ: ജോസഫ് മണില

തട്ടാതെ സൂക്ഷിക്കുവാൻ വിശ്വാസിക്ക് കഴിയുന്നില്ല. ജഡം അതിവേഗം നശിച്ച് എല്ലുകളായി ദ്രവിച്ചു പോകുകയാണ്. ഈ നിലയ്ക്ക് അന്ത്യവിധി നടപ്പാക്കിക്കൊണ്ടിരിക്കുമ്പോൾ സ്വന്തം ശരീരം കണ്ടെത്തുവാൻ ഏതെങ്കിലും ആത്മാവിനു സാധിക്കുമോ എന്നുള്ളത് സംശയാസ്പദമാണ്. കാണുന്നതെല്ലാം ഒരുപോലെയുള്ള എല്ലിൻ കൂമ്പാരങ്ങൾ മാത്രമായിരിക്കും.

ജഡം സംസ്കരിക്കുവാൻ ഓരോ മതവും അവരുടേതായ വ്യത്യസ്ത കർമ്മങ്ങളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. മതവിശ്വാസിയുടെ സമ്പന്നത എടുത്തുകാണിക്കുവാൻ പണം മുടക്കിയുള്ള ചടങ്ങുകൾ ഇപ്പോൾ സർവ്വസാധാരണമാണ്. ജഡം ഐസ്പെട്ടിയിൽ ദിവസങ്ങളോളം ബന്ധുമിത്രാദികളുടെ വരവ് പ്രതീക്ഷിച്ച് പണം മുടക്കി, കാത്തുസൂക്ഷിച്ചുവെക്കുന്നതും സർവ്വസാധാരണമായിക്കഴിഞ്ഞിരിക്കുകയാണ്. മതവിശ്വാസിക്ക് ആത്മാവും ശരീരവും ഒരുപോലെ പ്രിയപ്പെട്ടതാണ്. ആത്മാവിനെ പ്രീതിപ്പെടുത്തുന്നതുപോലെ ജഡത്തിനും ആഡംബരപൂർവ്വമായ ഒരു യാത്രയയപ്പാണ് വിശ്വാസികൾ നല്കുന്നത്.

യുക്തിവാദികളുടെ നിലപാട് ഇക്കാര്യത്തിൽ എന്തായിരിക്കുമെന്ന് പരിശോധിക്കാം. അവരുടെ നിലപാട് മതവിശ്വാസികളിൽനിന്ന് തീകച്ചും വ്യത്യസ്തമാണ്. അവർക്ക് ആത്മാവില്ല. ജീവനുണ്ട്. ജീവൻ ശരീരത്തിലെ ഓരോ കോശങ്ങളിലുമായി വേറിട്ടും, കോശങ്ങളുടെ ആകത്തുകയായ ശരീരത്തിൽ മൊത്തമായും നിലകൊള്ളുകയാണ്. കോശങ്ങൾ പ്രവർത്തനരഹിതമാകുന്നതാണ് യുക്തിവാദികൾക്ക് മരണം. തലച്ചോറിലെ കോശങ്ങളും ഹൃദയത്തിലെ കോശങ്ങളും പരിപൂർണ്ണമായി പ്രവർത്തനരഹിതമാകുമ്പോൾ യുക്തിവാദി മരിച്ചിരിക്കുന്നതായി ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നു.

മനുഷ്യൻ, ജീവിച്ചിരുന്ന അവസ്ഥയ്ക്കും മരിച്ചുകഴിഞ്ഞ അവസ്ഥയ്ക്കും വേർതിരിക്കപ്പെടുക്കാവുന്ന ഒരതിർവരമ്പ് അസാദ്ധ്യമാണ്. ശരീരം ചീഞ്ഞളിയുന്നതിന്റെ ലക്ഷണങ്ങൾ തുടങ്ങുന്നതുവരെ 'മരിച്ച വ്യക്തി ചലനമില്ലാതെ കിടക്കുന്നു', എന്നേ വിശേഷിപ്പിക്കാനാകൂ. അതുകൊണ്ട് ജീർണ്ണത ആരംഭിക്കുന്ന ജഡത്തെ ജീവിച്ചിരുന്ന ശരീരത്തോടെന്നപോലെ ആദരവോടെതന്നെയാണ് യുക്തിവാദികൾ ദർശിക്കുന്നത്. ജഡം മറവുചെയ്യുന്നതുവരെ മരിച്ച വ്യക്തിയുടെ സാമീപ്യം യുക്തിവാദികൾക്കും അനുഭവപ്പെടുന്നതാണ്. പക്ഷേ, അതിവേഗത്തിൽ ജീർണ്ണിക്കാൻ സാദ്ധ്യതയുള്ള ജഡത്തെ എത്രയും പെട്ടെന്ന് സംസ്ക്കരിക്കുക എന്നതാണ് യുക്തിവാദിയുടെ നിലപാട്. ഒരു പരിധി കഴിഞ്ഞാൽ ജഡത്തെ രോഗാണുക്കൾ ആക്രമിക്കുമെന്നത് തീർച്ചയാണ്. ജഡം, മെഡിക്കൽകോളേജിലേക്ക് വിട്ടുകൊടുക്കുമ്പോൾ ബന്ധുമിത്രാദികളുടെ വികാരത്തെ മാനിച്ചുകൊണ്ടുതന്നെയാണ് അങ്ങിനെ ചെയ്യുന്നത്. ആരുടെ ജഡമാണ് കീറിമുറിക്കാൻ പോകുന്നത് എന്ന് അത് കൈകാര്യം ചെയ്യുന്നവർക്ക് രഹസ്യമായിരിക്കും. കീറിമുറിക്കുന്നവരുടെ ഉള്ളിൽ മൃതദേഹത്തിനോടുള്ള ബഹുമാനം ഉണ്ടായിരിക്കണമെന്നില്ല എന്നറിഞ്ഞുകൊണ്ടുതന്നെ. മെഡിക്കൽകോളേജിലേക്ക് ജഡം

വിട്ടുകൊടുത്താൽ ബന്ധുക്കൾക്ക് പിന്നീട് ആ ജഡം തിരിച്ചറിയാനാകില്ല എന്നതുകൊണ്ട് 'ഒരു നല്ലകാര്യത്തിനായി അദ്ദേഹം തൻെറ സേവനം തുടരുന്നു, എന്ന നിലയിൽ ബന്ധുക്കൾ ആശ്വസിക്കുകയാണ് ചെയ്യുന്നതു്. ജഡത്തിൻെറ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുവാൻ ജഡം ഏറ്റെടുക്കുന്ന അധികൃതർ ബാദ്ധ്യസ്ഥരാണ്. ജഡം ദാനംചെയ്യാൻ പോകുന്ന വ്യക്തിയുടെ കരുത്തും അതാണ്.

എൻെറ പ്രശ്നം യുക്തിവാദിയുടെ ജഡം സംസ്കരിക്കുന്നതിനെകുറിച്ചാണു്. യുക്തിവാദ കുടുംബ വ്യവസ്ഥിതിയില്ലാത്ത ഇന്നത്തെ സമൂഹത്തിൽ തൻെറ മരണാനന്തര ശരീരം യുക്തിവാദപരമായിട്ടാണോ മറവു ചെയ്യാൻ പോകുന്നതു് എന്നു് തീരുമാനിക്കാൻ കഴിയുന്നില്ല. ശ്രീ. എം. ബി. കെ. അവർകൾക്കുണ്ടായിരുന്നതുപോലെയുള്ള യുക്തിവാദ കുടുംബങ്ങൾ അംഗുലിപരിമിതങ്ങളാണു്. ജഡത്തിൻെറ അവകാശം മരിക്കാൻ പോകുന്ന വ്യക്തിക്കില്ലെന്നാണ് നിയമം അനുശാസിക്കുന്നതു്. ജീവൻ നഷ്ടപ്പെട്ടാൽ പിന്നെ സ്വന്തം ശരീരം ജീവിച്ചിരിക്കുന്നവരുടെ സഹാനുഭൂതിക്കോ, പകപോക്കലിനോ വിട്ടുകൊടുത്തേ പറ്റൂ. മരിക്കാൻ തയ്യാറെടുക്കുന്ന യുക്തിവാദി തൻെറ ശരീരം ഒരു മെഡിക്കൽകോളേജിലേക്ക് ദാനം ചെയ്തിരിക്കുന്നു എന്നെഴുതിവെച്ചാൽ പോലും ബന്ധുമിത്രാദികൾ യുക്തിവാദിക്കെതിരെ അവകാശവാദം ഉന്നയിക്കും. പൊല്ലാപ്പിനു് പോകേണ്ടെന്നുവെച്ച് ജഡം ഏറ്റെടുക്കേണ്ട ഉത്തരവാദിത്വത്തിൽ നിന്നു് മെഡിക്കൽ അധികാരികൾ പിന്മാറുകയും ചെയ്യും. പിന്നെ നടക്കുന്നതു് വിശ്വാസികളുടെ ഒത്താശയിൽ ജഡത്തെ മതത്തിലേക്കെടുക്കുന്ന ചടങ്ങാണ്. യുക്തിവാദി, ദൈവവിശ്വാസിയായിട്ടാണു് മരിച്ചതു് എന്നു പറഞ്ഞു പരത്തുകയാണ് അവരുടെ ഉദ്ദേശം.

ബന്ധുക്കളുടെ അവകാശവാദങ്ങളേയും വൈകാരിക സംഘട്ടനങ്ങളെയും മറികടന്നു് തങ്ങളെ ജഡത്തിൻെറ ഉടമസ്ഥൻ ജീവിച്ചിരുന്നപ്പോൾ ചുമതലയേല്പിച്ച അദ്ദേഹത്തിൻെറ ജഡം വിട്ടുകിട്ടിയേ പറ്റൂ എന്നുറച്ചുനിന്നു് ഏതു വിധേനയും ജഡം കരസ്ഥമാക്കുന്ന മെഡിക്കൽ സ്ഥാപനങ്ങൾ ഇന്നില്ല. നിയമവും അവയ്ക്ക് അനുകൂലമായി നില്ക്കുകയില്ല. 'ജഡമല്ലെ, എന്തുവേണമെങ്കിലും കാട്ടിക്കൊള്ളട്ടെ' എന്നുള്ള യുക്തിവാദിയുടെ അലസമായ കാഴ്ചപ്പാടു് മതവിശ്വാസികളുടെ വിജയത്തിനു് ആക്കം കൂട്ടുകയാണ് ചെയ്യുന്നതു്. ജീവിതം മുഴുവനും യുക്തിവാദിയായി ജീവിച്ച് ജഡം കൊണ്ടുപോയി ആത്മീയവല്ക്കരിക്കുവാൻ വിട്ടുകൊടുക്കുന്നതു് യുക്തിവാദികളെ സംബന്ധിച്ചിടത്തോളം നാണക്കേടുണ്ടാക്കുന്ന ദുഷ്പ്രവൃത്തിയാണ്. താൻ ജീവിച്ചിരുന്നപ്പോൾ തൻെറ സ്വത്ത് ഒരു ഒസ്യത്ത് പ്രകാരം എഴുതിവെക്കുന്നതുപോലെ, എഴുതിവെയ്ക്കപ്പെടുവാനും, സ്വത്തുക്കൾ വീതിച്ചുകൊടുക്കുന്നതുപോലെ ജഡത്തിന്മേലുള്ള തൻെറ അവകാശം സ്ഥാപിച്ചെടുക്കുവാനും യുക്തിവാദിക്ക് കഴിയണം. ചലനമില്ലെങ്കിലും മരിച്ചു കിടക്കുന്നതു് ലാസർ തന്നെയായിരിക്കുമെന്നും, ലാസറിൻെറ ജഡം എങ്ങിനെ മറവുചെയ്യണമെന്നു് ലാസർ തീരുമാനിച്ചുവെക്കേണ്ടതാണെന്നും ലാസർ തന്നെയാണു് ആദ്യം മനസ്സിലാക്കേണ്ടതു്. ലാസറിൻെറ ആഗ്രഹം ഏറ്റെടുത്തു നടത്തേ

# യുക്തിവാദവും സദാചാരവും

## അഡ്വ: വർഗീസ് വട്ടക്കാവ്

"ഒരു യുക്തിവാദി സദാചാരനിരതനായിരിക്കണം." ഒരു മുതിർന്ന തലമുറക്കാരൻ നിർദ്ദേശിച്ചു. 'സദാചാര'ത്തിന്റെ നിർവ്വചനം നൽകിയതിനു ശേഷമേ അതു പറയാൻ പററൂ." ഇതു പറയാതിരിക്കുവാൻ ഈ ലേഖകനു കഴിഞ്ഞില്ല. മൂന്നു ദശാബ്ദത്തോളം മുമ്പ് എറണാകുളത്തുവച്ചു ചേർന്ന 'യുക്തിവാദിസംഘം' സംബന്ധിച്ച ചർച്ച നടക്കുകയായിരുന്നു. 'കേരള യുക്തിവാദിസംഘം രൂപീകരണത്തിനു മുന്നോടിയായി നടത്തിയ ചർച്ചാ സമ്മേളനമായിരുന്നു അതു്. 'യുക്തിവാദി' പത്രാധിപർ ശ്രീ. എം. സി. ജോസഫ്, ജോസഫ് ഇടമറുക്, ഇന്നത്തെ 'യുക്തിവിചാരം' പത്രാധിപർ ശ്രീ എ. വി. ജോസ്, രാഷ്ട്രീയ നേതാവ് ശ്രീ. എം. എ. ജോൺ, നിയമജ്ഞൻ ശ്രീ. എം. പ്രഭ, തുടങ്ങിയവർ യോഗത്തിൽ സംബന്ധിക്കുന്നുണ്ടായിരുന്നു.

ഈ ലേഖകന്റെ നിർദ്ദേശത്തിനു യോഗത്തിന്റെ പൊതുപിൻതുണ ലഭിച്ചു. 'സദാചാരം' എന്നതിന് 'ശാസ്ത്രസമ്മതമായ' എന്ന നിർവചനം ശ്രീ. എം. എ. ജോൺ മുമ്പോട്ടു വച്ചതു് പൊതുവിൽ അംഗീകരിക്കപ്പെട്ടു. എന്നാൽ, ശാസ്ത്രീയ നിഗമനങ്ങൾ അടിക്കടി മാറിക്കൊണ്ടിരിക്കാവുന്നതാണ്. തന്നെയുമല്ല, മൂർത്തശാസ്ത്രവും (Formal Science) നിലവാര ശാസ്ത്രവും (Normative Science) തമ്മിൽ ചിലപ്പോൾ പൊരുത്തപ്പെടാതെയും വരാവുന്നതാണ്, (ഉദാ: ഒരു അരോഗദൃഢഗാത്രന് മാനസികാരോഗ്യം തകരാറിലാണ് എന്നു വരാവുന്നതാണ്) തന്മൂലം, 'സദാചാര'ത്തിന് ഐകരൂപ്യം, ഇടർച്ച എന്നിവ ഉണ്ടാകണമെന്ന് നിർബ്ബന്ധമില്ല എന്നു വരുന്നു. ഏതായാലും, യുക്തിവാദി സംഘത്തിൽ അംഗങ്ങളാകുന്നവരുടെ സ്വഭാവം സദാചാരനിരതമായിരിക്കണം എന്ന നിർബ്ബന്ധത്തിന് വലിയ പ്രസക്തി യോഗം നൽകിയില്ല; എന്തുകൊണ്ടെന്നാൽ, ഒരാൾ യുക്തിവാദി എന്ന നിലയിൽ എത്തിക്കഴിഞ്ഞാൽ പ്രായേണ സദാചാരസ്വഭാവത്തിൽ എത്തിയിരിക്കും എന്ന വസ്തുതതന്നെ കണക്കിലെടുക്കപ്പെട്ടു.

യുക്തിവാദവും സദാചാരനിലവാരവും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ചരിത്രം തെളിവു നൽകുന്നുണ്ട്. പ്രാചീന ഭാരതത്തിലെ യുക്തിവാദി

---

ണ്ടതു് ലാസർ ഉത്തരവാദപ്പെടുത്തിയിട്ടുള്ള യുക്തിവാദികളായിരിക്കും എന്നുള്ളതു് സമൂഹം അറിഞ്ഞിരിക്കണം. എങ്കിൽ ലാസറിന്റെ ശവസംസ്കാരം ലാസർ ആഗ്രഹിച്ച വിധത്തിൽ തന്നെയായിരിക്കും നടത്തിയിരിക്കുക.

യുക്തിവാദികളുടേതായി റജിസ്ററർ ചെയ്ത ഒരു ട്രസ്റ്റ് (മരണഫണ്ട്) ഇക്കാര്യത്തിൽ സ്വരൂപിക്കേണ്ടതാവശ്യമാണ്. ട്രസ്റ്റായിരിക്കണം, യുക്തിവാദിയുടെ ജഡം മുൻതീരുമാനങ്ങൾക്കനുസരിച്ച് മെഡിക്കൽ അധികൃതർക്ക് എത്തിച്ചുകൊടുക്കേണ്ടതും, അല്ലെങ്കിൽ സംസ്കരിക്കേണ്ടതും. ഇതുസംബന്ധമായി രൂപീകരിക്കാൻ പോകുന്ന ട്രസ്റ്റിലേക്ക് ഒരംഗമായി എന്നെ ഞാൻ ശുപാർശ ചെയ്തുകൊള്ളുന്നു.

കളായിരുന്ന ചാർവ്വാകന്മാർ ഒരു ജീവിതപ്രമാണം മുറുകെപിടിച്ചിരുന്നു; അതിതാണ്: ''ധാന്യത്തിൽ ഉമിയുണ്ട് എന്നതുകൊണ്ട്, ആരും ധാന്യം ദൂരെ വലിച്ചെറിയാറില്ല.'' ('Nobody casts away corn because of its husk.') അതായത്, ജീവിതത്തിൽ ദുഃഖമുള്ളതുകൊണ്ട്, വേണ്ടത്ര സുഖദായകമായ ജീവിതം ആരും ഉപേക്ഷിക്കുന്നില്ല. ദുഃഖങ്ങളും കൂടി കലർന്ന ജീവിതം ആസ്വദിക്കുന്നതിൽനിന്ന് ചാർവ്വാകർ ഒഴിഞ്ഞുമാറിയിരുന്നില്ല. ബൗദ്ധ, ജൈന താത്വികർ ജീവിതം ദുഃഖപൂർണ്ണമായി കണക്കാക്കി ഭൗതികാസ്വാദനത്തിൽനിന്ന് ഒഴിഞ്ഞുമാറിയപ്പോൾ, ചാർവ്വാകന്മാർ ആ ദുഃഖത്തെക്കൂടി ജീവിതത്തിന്റെ ഭാഗമായി ഉൾക്കൊള്ളുവാനും അതുതന്നെ ജീവിതത്തിന്റെ വകഭേദമാണെന്ന് അംഗീകരിക്കുവാനുമാണ് ചാർവ്വാകന്മാർ ആഹ്വാനം ചെയ്തത്.

പ്രാചീനഭാരതത്തിലുണ്ടായിരുന്ന ഭൗതീകവാദ-യുക്തിവാദികളായ ചാർവ്വാകരെപ്പോലെ പ്രാചീന ഗ്രീസിലുണ്ടായിരുന്ന ഒരു യുക്തിവാദി സമൂഹമാണ് എപ്പിക്കൂറിയന്മാർ. എപ്പിക്കൂറസ്സ് എന്ന താത്വികാചാര്യനും അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളും ചേർന്ന എപ്പിക്കൂറിയന്മാർ പ്രശസ്തരായിരുന്നു 'തിന്നുക, കുടിക്കുക, ആനന്ദിക്കുക, എന്തെന്നാൽ നാം നാളെ മരിക്കുന്നു' ('Eat, drink and be merry, for tomorrow we are dying') എന്നായിരുന്നു എപ്പിക്കൂറിയന്മാരുടെ ജീവിത തത്വ പ്രമാണം. ഗ്രീസ്സിൽത്തന്നെ, സോക്രട്ടീസിനു മുമ്പുണ്ടായിരുന്ന ഭൗതീകവാദികളായ പണ്ഡിത സമൂഹമാണ് സോഫിസ്റ്റുകൾ (Sophists) 'മനുഷ്യനാണ് എല്ലാററിന്റേയും അളവുകോൽ' ('Man is the measure of all') എന്ന താത്വിക പ്രമാണത്തിലൂടെ മാനവികതയെ പരമാവതി വികസിപ്പിച്ച പ്രോട്ടോഗോറസ്സ് എന്ന തത്വജ്ഞാനഗുരുവും ശിഷ്യന്മാരുമാണ് സോഫിസ്റ്റുകൾ എന്നു പരക്കെ അറിയപ്പെട്ടിരുന്ന അദ്ധ്യാപക സമൂഹം. സോഫിസ്റ്റുകൾ ഗ്രീസ്സിൽ ആകമാനം ചുററിസഞ്ചരിച്ച് ജനബോധവല്ക്കരണം നടത്തിയിരുന്ന ട്യൂട്ടർമാരായിരുന്നു. അവരുടെ ബോധവൽക്കരണ ഫലമായിട്ടുകൂടിയാണ് ഗ്രീസ്സിലെ നഗര സംസ്ഥാനങ്ങളിൽ 'നേരിട്ടുള്ള ജനായത്തം' (direct democracy) വിജയിച്ചിരുന്നത്.

അങ്ങനെ, ക്രിയാത്മകജീവിതം നയിക്കേണ്ടവരായ യുക്തിവാദികളുടെ സദാചാരബോധത്തിന്റെ അതിർത്തിവരമ്പുകൾ കല്പിച്ച് ഒരു സംഘടനയിൽ അംഗങ്ങളാകണമെന്നു നിർദ്ദേശിക്കേണ്ടയാവശ്യമുണ്ടായിരുന്നില്ല. മാന്യമായ ഒരു സദാചാര സംഹിതസ്വയം സ്വീകരിക്കുവാൻ കഴിവുള്ളവരാണ് യുക്തിവാദികളായിത്തീരുന്നവർ; ആ സദാചാരസംഹിത വ്യക്തിപരമായി സ്വീകരിച്ചു കൊള്ളുവാൻ അനുവദിക്കുകയാണ് 'യുക്തിവാദിസംഘടന'ക്ക് കരണീയമായിട്ടുള്ളത്. അതിന് ഒരു യുക്തിവാദിയെ മററാരും പ്രേരിപ്പിക്കേണ്ടതില്ല. അതാണല്ലോ യുക്തിവാദം എന്ന സ്വതന്ത്രചിന്താമണ്ഡലത്തിന്റെ അന്തഃസത്ത! O

With best compliments from:

**ELITE SAREE HOUSE**

M. O. Road, Trichur-680 003, Phone: 420995, 420963

# ബാല്യകാലസ്മരണകൾ

## സത്യൻ ചാലിയം

ആയിരം ചിറകുള്ള ഓർമ്മതൻ നീഡോത്ഭവം
ആകാശസീമ താണ്ടാൻ ആഞ്ഞാഞ്ഞു പറക്കവേ
ആയിരം കിനാക്കളും, ആനന്ദ ലഹരിയും
ആവാഹിച്ചുയർത്തിയ ബാല്യകാലത്തെ പുൽകി.
    വള്ളി ട്രൗസറും പിന്നെ കള്ളിക്കുപ്പായമിട്ട
    പള്ളിയിൽ പോയീടുന്ന പയ്യനായിരുന്നു ഞാൻ.
    പള്ളിക്കൂടത്തിൽ പാഠം കൊള്ളാത്തോനെന്നാകിലും
    പള്ളിയിൽ, സണ്ടേസ്കൂളിൽ കേമനായിരുന്നു ഞാൻ
സമ്മാനകട്ടകളും, സന്തോഷവാക്കുകളും
സമ്മോദം തേടിയെത്തി സംതൃപ്തനാക്കാനെന്നെ
ഏലത്തോട്ടങ്ങളുള്ള ഏലിയും, കുഞ്ഞമ്മയും
ഏഴയാം സൂസിക്കുഞ്ഞും, ത്രേസ്യയും, ശോശാമ്മയും
    എന്നുമെൻചാരെവന്നു 'കിന്നാര'മുരട്ടുമ്പോഴാ
    മന്നിടമാകെ സ്വന്തമാക്കിയ ഭാവമെന്നിൽ!
    ആഘോഷവേളകളെ ആനന്ദപൂരമാക്കാൻ
    ആലേഖനം ചെയ്തു ഞാനു ഗാനങ്ങളനവധി.
അന്തിക്കും, അന്തിയുടെ അന്ത്യയാമത്തിലെന്നും
അഞ്ജലികൂപ്പി യേശുനാഥനെ സ്തുതിപാടി.
വേദപുസ്തകമെന്നും ആദരവോടുകൂടി
സ്വാദിഷ്ഠഭോജ്യംപോലെ ഭുജിക്കുമെന്നാളും ഞാൻ
    കുട്ടിത്തം വിട്ടു ഏട്ടും-പൊട്ടും തിരിയാത്തൊരു
    കുട്ടിക്കാലത്തിൽനിന്നും ഒട്ടൊന്നുവളർന്നു ഞാൻ
    കേട്ടകേൾവിയും പിന്നെ കാട്ടിക്കൂട്ടുന്നതെന്തും
    പാട്ടായിമൂളിടാതെ ചിന്തയാൽ ചികഞ്ഞു ഞാൻ
ആദിമ പിതാവിന്റെ ആദ്യസന്താനം 'കയീൻ'
ക്രൂഢനം ചെയ്തുപോലും സോദരൻ ഹാബേലിനെ
ആ വാർത്തയറിയുന്ന ഏവരും കയീനിനെ
ഛേദിക്കാതിരിക്കാനാദയകിപോൽ ചിഹ്നം ദൈവം!
    അരുതെന്നുരചെയ്ത കർമ്മങ്ങളും ചെയ്തുമൂലം
    അഖിലേശ്വരനിത്ഥം ശപിച്ചു ഹവ്വേ നോക്കി
    ഹവ്വേ, നീ പ്രസവിക്കേ പുളയും വേദനയാൽ
    ഇവ്വണ്ണം കൊണ്ടാണത്രേ നാരികൾക്കീറുനോവ്!
നോവില്ലാതൊരുസ്ത്രീയും പ്രസവിക്കില്ലപിന്നെ
ജീവനുനാശമല്ലെ കുഞ്ഞിനും, മാതാവിനും!
'കയീനെ വധിക്കുവാനാരുണ്ട് പാരിൽവേറെ'
കാര്യമായ് ചോദിച്ചുപോയന്നു ഞാൻ ഫാദറോട്,

# യുക്തിവാദം ഇരുപതാം നൂററാണ്ടിൽ

**ടി. എം. ചാക്കോ**

ലോകത്തു് ഏററവും കൂടുതൽ ഭൗതികവാദികൾ ജീവിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു ഇരുപതാംനൂററാണ്ടു്. യൂറോപ്പിൽ 15ഉം 16ഉം നൂററാണ്ടുകളിൽ ഭൗതികവാദികൾ ഉണ്ടാവുകയും 1869ൽ ചാറൾസ് ഡാർവിൻ origin of species (ജീവിവർഗ്ഗങ്ങളുടെ ഉത്ഭവം) എന്ന പുസ്തകം പ്രസിദ്ധീകരിച്ചതോടു കൂടി ഭൗതികവാദം ശക്തിപ്പെടുകയും റഷ്യൻ വിപ്ലവത്തിലൂടേയും ചൈനീസ് വിപ്ലവത്തിലൂടേയും ലോകമെമ്പാടും വളർന്നു വ്യാപിക്കുകയും ചെയ്തു.

**അല്പം ചരിത്രം:-** സ്വകാര്യസ്വത്തിൻെറ ഉത്ഭവത്തോടുകൂടിയാണു് ഇന്നു കാണുന്ന സംഘടിതമതങ്ങൾ രൂപംകൊണ്ടതു്. അതായതു് സ്വകാര്യസ്വത്തിൻെറ സൃഷ്ടികളാണു ഇന്നത്തെ സംഘടിതമതങ്ങൾ. മാർക്സിസ്റ്റ്-ലെനിനിസ്റ്റു ഭാഷയിൽ പറഞ്ഞാൽ മതങ്ങൾ ഉണ്ടായ ഭൗതിക സാഹചര്യങ്ങൾ ഇല്ലാതാകുമ്പോൾ മതങ്ങളും ഇല്ലാതാകും. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ വർഗ്ഗങ്ങൾ ഉണ്ടായപ്പോൾ അടിമവർഗ്ഗത്തിൻെറ വക്താക്കളായിട്ടാണു് മതാചാര്യന്മാർ രംഗത്തു് നന്നതു്. അവരെ പിൻതുടർന്നാണു് മതപുരോഹിതർ രംഗത്തു വന്നതു്. അവർ അടിമകളുടെ പക്ഷം പിടിച്ചെങ്കിലും കാലക്രമേണ മുതലാളിവർഗ്ഗത്തിൻെറ വിശ്വസ്ത ഏജൻറന്മാരായി മാറിയ കാഴ്ചയാണു നമ്മൾ കണ്ടതു്, ഇന്നും കാണുന്നതു്.

പുരോഹിതരുടെ ആധിപത്യത്തിനെതിരെ യൂറോപ്പിൽ വർഷങ്ങളോളം നീണ്ടുനിന്ന സമരങ്ങളുടെ ഫലമായിട്ടാണു് ഭൗതികവാദം ഉടലെടുത്തതു്. ചെയർമാൻ മാവോ മരിക്കുമ്പോൾ ഏതാണ്ടു് 90 ശതമാനം ചൈനക്കാരും യുക്തിവാദികളായിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ, അദ്ദേഹത്തിൻെറ മരണത്തിനു ശേഷം അധികാരത്തിൽ വന്നവർ അദ്ദേഹത്തിൻെറ പാതയിൽനിന്നു വ്യതിചലിക്കുകയും മതമൗലികവാദികൾ തലപൊക്കുകയും ചെയ്തു. മാവോയുടെ സാംസ്കാരിക വിപ്ലവം വളരെ പ്രസിദ്ധി കൈവരിക്കുകയും വിപ്ലവ കാലഘട്ടത്തിൽ സ്വകാര്യസ്വത്തിനും മുതലാളിത്ത ആശയത്തിനും മതത്തിനും എതിരേ ശക്തമായ ഒരു മുന്നേററംതന്നെ ഉണ്ടാവുകയും ചെയ്തു.

---

ക്രുദ്ധനായലറിനാൻ പാതിരിയെൻെറ നേരെ
'വേദപുസ്തകം ചോദ്യം ചെയ്യുവാൻ വളർന്നോ നീ'
മുട്ടിപ്പോയുത്തരങ്ങൾ, മുട്ടന്യായങ്ങൾകൊണ്ടു്-
മുട്ടുകുത്തിക്കാൻ നോക്കി അച്ചനും നിരന്തരം
വിട്ടില്ല ഞാനും, എൻെറആവനാഴിയിലുള്ള
ഒട്ടേറെ അസ്ത്രങ്ങളെ തൊടുത്തുവിട്ടു പയ്യേ.
ആട്ടിൻപററത്തെമേയ്ക്കും അച്ചനാം നല്ലിടയൻ
കാട്ടിക്കൂട്ടിയവേല അയ്യയ്യോ ഹാസ്യം-ഹാസ്യം.
**കാഷ്ഠിക്കാൻ മുട്ടീടുന്ന ശുനകൻ കാട്ടിക്കൂട്ടും**
**ചേഷ്ടകൾ ദർശിച്ചു ഞാനച്ചൻെറ പൂമേനിയിൽ!**

**മതവും കമ്മ്യൂണിസ്റ്റുകാരും:-** 1956ൽ ക്രൂഷ്ചേവ് തുടങ്ങിവച്ച സ്വകാര്യവല്ക്കരണവും വർഗ്ഗസഹകരണവും 1989നോടുകൂടി ഗോർബച്ചേവ് സോവിയറ്റ് യൂണിയനിൽ പൂർത്തിയാക്കുകയും സോവിയറ്റുയൂണിയൻ പിരിച്ചുവിടുകയും ചെയ്തു. അതോടുകൂടി പഴയ സോവിയറ്റ് യൂണിയനിലെ അവസ്ഥയ്ക്കു മാററം വന്നു. സോവിയറ്റ് യൂണിയനിൻെറ സാമ്പത്തിക തകർച്ചയെ മതത്തിൻെറ ഉയർത്തെഴുന്നേല്പായി മതമൗലിക വാദികൾ വ്യാഖ്യാനിച്ച് മതപ്രചരണം ശക്തിപ്പെടുത്തുകയാണ്. എന്നാൽ മാർക്സ് പ്രവചിച്ചതുപോലെ സ്വകാര്യസ്വത്തില്ലാതെവന്നെങ്കിലും മതമില്ലാതെവന്നില്ല. അതായത് മതമില്ലാതാക്കാൻ കമ്മ്യൂണിസ്റ്റുകാർക്കു കഴിഞ്ഞില്ല. ഇന്നും ഇവിടത്തെ ഔദ്യോഗിക കമ്മ്യൂണിസ്റ്റുകാർ പ്രചരിപ്പിക്കുന്നതു മതം ഉണ്ടായ സാഹചര്യം ഇല്ലാതാകുമ്പോൾ മതവും ഇല്ലാതാകുമെന്ന് പറഞ്ഞ് അണികളെ പററിക്കുകയാണ്, ചൈനയിൽ ഇപ്പോഴും കമ്മ്യൂണിസമുണ്ടെന്നാണ് നേതാക്കന്മാർ അണികളെ പറഞ്ഞുപററിക്കുന്നത്. അമേരിക്ക ചൈനയിൽ പഞ്ചനക്ഷത്രഹോട്ടലുകൾവരെ സ്ഥാപിച്ചു. വിദേശ കുത്തകകളെ വ്യവസായം തുടങ്ങുവാൻ അനുവദിക്കുകയും ചെയ്തു. ചൈനയിൽ മുതലാളിത്തം പുനഃസ്ഥാപിച്ചു. സോവിയറ്റ് യൂണിയൻ തകർന്നു ചിന്നഭിന്നമാകുന്നതുവരെ അവിടെ കമ്മ്യൂണിസം ഉണ്ടെന്നു പറഞ്ഞവരാണിവിടത്തെ കമ്മ്യൂണിസ്റ്റു നേതാക്കന്മാർ. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം പഠിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നില്ല. അതും സഹിക്കാം. എന്നാൽ അണികളോടു ക്ഷേത്രക്കമ്മററികൾ പിടിച്ചെടുക്കണമെന്നു പറയുന്നതിൻെറ അർത്ഥം മനസ്സിലാകുന്നില്ല. ആത്മവഞ്ചനയും ജനവഞ്ചനയുമല്ലെ ഈ നേതാക്കൾ നടത്തുന്നത്?

ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ നടത്തുകയില്ലാത്തവരെ ക്ഷേത്രകമ്മററികളിൽ ഉൾപ്പെടുത്തുകയില്ലെന്ന് ഏതൊരു കൊച്ചുകുട്ടിക്കും അറിയാവുന്നതാണല്ലോ. ഇന്നലെവരെ യുക്തിവാദം പറഞ്ഞുനടന്നവർ ഒരു സുപ്രഭാതത്തിൽ ക്ഷേത്രവളപ്പിൽ വരുമ്പോൾ മററുള്ളവർക്കൊന്നുകൂടി ഭക്തികൂടുക സ്വാഭാവികമാണല്ലോ. ദേവസ്വം ബോർഡിൽപോലും കമ്മ്യൂണിസ്റ്റുകാരായ ഹിന്ദു എം. എൽ. എ മാരെ ഉൾപ്പെടുത്തുവാൻ ഇവിടെ അനുവദിക്കുകയില്ല സത്യം ഇങ്ങിനെയിരിക്കെ അണികൾ ക്ഷേത്രകമ്മററികൾ പിടിച്ചെടുക്കണമെന്നു പറയുന്നതിൻെറ യുക്തി മനസ്സിലാകുന്നില്ല. ജനങ്ങളെ തങ്ങൾ പറയുന്ന ചിഹ്നത്തിൽ ''വോട്ടു ചെയ്യാനുള്ള ഒരു യന്ത്രമാക്കി'' മാററുവാനുള്ള ശ്രമത്തിലാണ് നമ്മുടെ നേതാക്കൾ. ജനത്തിനു അറിവുണ്ടാകരുതെന്നാണീക്കൂട്ടരുടെ ആഗ്രഹം.

പാശ്ചാത്യരാജ്യങ്ങളിൽ പള്ളിയിൽ പോകുന്നവരുടെ എണ്ണം ഇന്നും കുറവാണ്. ഭൂരിപക്ഷവും ഭൗതികവാദികളാണ്, കമ്മ്യൂണിസ്റ്റുകാർ അല്ലെങ്കിൽ പോലും, ഇവിടെ കമ്മ്യൂണിസ്റ്റുകാർ എന്നവകാശപ്പെടുന്നവർ ജാതിമത വിശ്വാസികളും വർഗ്ഗസഹകരണവാദികളും കപട മാർക്സിസ്റ്റുകാരുമാണ്. മാർക്സിസത്തിൻെറ പേരിൽ തൊഴിലാളികളെ പററിക്കുകയാണ്. ഇവർക്കു ചരിത്രം മാപ്പുകൊടുക്കുകയില്ല.

# വിമ്മിട്ടം

## ഡോ: പി. കെ. നാരായണൻ



'വിമ്മിട്ടം'-ഭാഷയിൽ ധാരാളമായി പ്രയോഗത്തിലിരിക്കുന്ന' ഒരു വാക്കാണല്ലോ? ശ്വാസംമുട്ടലുമായി ബന്ധപ്പെട്ടാണ് ഈ പദം ഉപയോഗിക്കുന്നത്. എന്നാൽ 'ശ്വാസംമുട്ടൽ' എന്ന വ്യഥക്ക് ഉപരിയായി, ശ്വാസം മുട്ടലുമായി ചേർന്നു നിന്നുകൊണ്ട്, ശാരീരികവും മാനസികവുമായ പ്രതികരണങ്ങളുണ്ടാക്കുന്ന, അസ്വാസ്ഥതകളെക്കൂടി 'വിമ്മിട്ട' പദം ഉൾക്കൊള്ളുന്നു.

ഇംഗ്ലീഷുപദങ്ങൾ നാം എഴുത്തിലും സംസാരത്തിലും പ്രയോഗിക്കാറുണ്ട്. 'സ്ട്രെസ്സ്' എന്ന പദം അക്കൂട്ടത്തിൽപ്പെടുന്നു. 'സ്ട്രെസി'നു പകരമായി ഉപയോഗിക്കാവുന്ന ഏററവും അർത്ഥവത്തായ മലയാള വാക്കാണ് 'വിമ്മിട്ടം! ലാളിത്യം നിറഞ്ഞ ആ വാക്കിൻെറ ശബ്ദവിക്ഷുബ്ധി മനോ-ശാരീര (സൈക്കോ-സോമാററിക്) ക്ലിഷ്ടതയെ വിളംബരം ചെയ്യുന്നില്ലേ?

വരാനിരിക്കുന്ന വർഷങ്ങളിൽ മനുഷ്യനു നേരിടേണ്ടിവരുന്ന മാരകരോഗങ്ങളിൽ മുഖ്യമായത്, ഹൃദയസംബന്ധിയായ രോഗവും 'വിമ്മിട്ട'വുമായിരിക്കുമെന്ന്, കഴിഞ്ഞവർഷം ലോകാരോഗ്യ സംഘടന (WHO) നടത്തിയ ഒരു പഠനത്തിൽ വ്യക്തമാക്കിയിരിക്കുന്നു.

കാരണമില്ലാത്ത ഭയം, കലശലായ ആകാംക്ഷ, വീർപ്പുമുട്ടൽ, അലസത, വിരസമനോഭാവം, വെറുപ്പ്, ആരോടെന്നില്ലാത്ത വിദ്വേഷം, നിരാശ, മററുള്ളവരിൽനിന്നും അകന്നുനില്ക്കാനുള്ള അഭിവാഞ്ഛ, അതിരു കടന്ന നെഞ്ചിടിപ്പ്, വിശപ്പില്ലായ്മ, ഉള്ളംകൈയിൽ കൂടിയ വിയർപ്പ്, ഉറക്കക്കേട് ഇവയൊക്കെ വിമ്മിട്ട ലക്ഷണങ്ങളാണ്.

മനുഷ്യൻെറ വ്യവസ്ഥാപിതമായ വൈകാരിക നിലനില്പിന് ആധാരം അവൻെറ നാഡീവ്യൂഹപ്രവർത്തനം, ബാഹ്യവും ആന്തരീകവുമായ പരിതോവസ്ഥകളുമായി നിലനിർത്തിപ്പോരുന്ന സമന്വയികരണത്തിൻെറ നിദാനമാണ്. ഈ ലയവിന്യാസത്തിന് ചെറുതായിപ്പോലും നേരിട്ടേക്കാവുന്ന പാളിച്ച, മനുഷ്യൻെറ വൈകാരികമേഖലകളിൽ ആന്ദോളനമേല്പിക്കുന്നു. ആന്ദോളനങ്ങൾ സൃഷ്ടിക്കുന്ന പുതിയ പരിതോവസ്ഥയുമായി നാഡീവ്യൂഹവ്യവസ്ഥക്ക് സമതോലനം സാദ്ധ്യമാകാതെവരുന്നു. വിമ്മിട്ടം രംഗപ്രവേശം ചെയ്യുന്ന സാഹചര്യമാണിത്.

ഒരു സാമാന്യപരിധിവരെ വിമ്മിട്ടം വ്യക്തിയുടെ മാനസിക-ശാരീരിക വിഷയങ്ങളിൽ വലിയ കുഴപ്പമുണ്ടാക്കാറില്ല. മാത്രവുമല്ല, ജീവിത വിജയത്തിനു് പരിധിയിലൊതുങ്ങുന്ന വിമ്മിട്ടം സഹായകരവുമാണ്. എന്നാൽ പരിധിലംഘിക്കുന്ന വിമ്മിട്ടം യഥാവസരം വേണ്ടരീതിയിൽ കൈകാര്യം ചെയ്യാതിരിക്കുകയോ അവഗണിക്കപ്പെടുകയോ ചെയ്താൽ, മാരകമായിമാറിയേക്കാം.

യാതൊരു വ്യക്തിയും, പൊതുവെ പറഞ്ഞാൽ, വിമ്മിട്ടത്തിന്റെ കടന്നാക്രമണത്തിൽനിന്നും മുക്തനല്ല. വ്യത്യാസം ഒന്നു മാത്രമേയുള്ളു. ചിലർക്കു് അതിന്റെ ക്രൂരമായ അള്ളിപ്പിടുത്തത്തിൽനിന്നും അനായാസമായി രക്ഷപ്പെടാനാവും,-നിയന്ത്രിച്ചു നിറുത്താനാവും. പക്ഷെ, മിക്കവരും വിമ്മിട്ടവർഗ്ഗത്തെ നേരിടാനാവാതെ മാനസികവും ശാരീരികവുമായി തളർന്നുപോവുകയാണുണ്ടാവുക. സമ്മർദ്ദം പ്രഭാവപ്പെടുമ്പോൾ അനഭിലഷണീയമായ രീതിയിൽ അതു വ്യക്തിയുടെ വൈകാരിക ജീവിതത്തെ ഉലയ്ക്കുന്നു. പല രീതിയിലുള്ള ശാരീരികാസ്വാസ്ഥ്യതകളിലേക്കതു് വ്യക്തിയെ വലിച്ചിഴക്കുന്നു. ഹൃദ്രോഗം, അൾസർപോലെ വയറിനെ ബാധിക്കുന്ന അസുഖങ്ങൾ, കിഡ്നികളുടെ പ്രവ്ത്തനല്ലില്ലായ്മ, രക്തസമ്മർദ്ദം, പ്രമേഹം മുതലായ ഗുരുതവമേറിയ രോഗങ്ങൾക്കും നിയന്ത്രണം വിട്ട വിമ്മിട്ടം വഴിതെളിക്കുന്നു. അതുകൊണ്ടു് ഏതു് സാഹചര്യത്തിലായാലും, വിമ്മിട്ടത്തെ, വൈകതികമായി സഹനീയമെന്നു കരുതാവുന്ന പരിധികളുള്ളിൽ നിയന്ത്രിച്ചു നിറുത്തേണ്ടതത്യാവശ്യമാണ്.

വിമ്മിട്ടാക്രമണം താല്ക്കാലികമോ ദീർഘകാലം നീണ്ടുനില്ക്കുന്നതോ ആകാം; ലഘുവോ ഗുരുതരമോ ആകാം,-രോഗകാരണം എത്രമാത്രം പഴക്കം ചെന്നതാണ്, എത്രകണ്ടു ശക്തമാണതു്, രോഗിക്കു് പ്രതിരോധ ശക്തി എത്രത്തോളമുണ്ടു്, തുടങ്ങിയ സങ്കേതങ്ങളായിരിക്കും വിമ്മിട്ടാക്രമണത്തിന്റെ ആക്കവും ഗുരുക്കവും നിശ്ചയിക്കുക.

വിമ്മിട്ടം ഭയപ്പെടേണ്ട മാറാരോഗമല്ല വിമ്മിട്ടമകററിനിറുത്താൻ വ്യക്തികളുടെ തനതായ ചര്യാക്രമങ്ങൾക്കു സാധിക്കും. തനിയെ നിയന്ത്രിക്കാൻ പ്രയാസമുള്ളവർക്കു് സഹായത്തിനായി, ഇന്നു്, മിക്ക കേന്ദ്രങ്ങളിലും 'വിദഗ്ദ്ധോപദേഷ്ടാക്കളും' അവർ നടത്തുന്ന ക്ലിനിക്കുകളുമുണ്ടു് (കൗൺസലിംഗ് സെൻററുകൾ) കൂടാതെ ആധുനിക വൈദ്യശാസ്ത്രം, പ്രതികരണാന്യമായ (സൈഡിഫക്റ്റുകളില്ലാത്ത) മരുന്നുകളും കണ്ടു പിടിച്ചിട്ടുണ്ടു്. വിദഗ്ദ്ധരായ ഡോക്ടർമാർ ഇത്തരം മരുന്നുകളുപയോഗിച്ചു ചികിത്സകൾ നടത്തിവരുന്നു.

ക്രമീകരിച്ച ശ്വാസോഛ്വാസം, അനായാസ വിശ്രമം, ആഹാരനിയന്ത്രണം, കായികവും മാനസികവുമായി ഉന്മേഷം പകരുന്ന ഹോബികൾ, വിശ്വാസ്ഥ്യരുമായുള്ള സ്നേഹബന്ധം, തൊഴിൽരംഗ ക്രമീകരണം പ്രതിബന്ധങ്ങളെ നേരിടാനുള്ള സമീകരണമനോ വ്യവസ്ഥസൃഷ്ടിക്കൽ തുടങ്ങിയ നടപടിക്രമങ്ങൾ വിമ്മിട്ടത്തെ അകററിനിറുത്താനും നിന്ത്രിക്കാനും ഉതകുന്ന ഉപായങ്ങളിൽപ്പെടുന്നു.

വിമ്മിട്ടം വരാതെ സൂക്ഷിക്കുക. വന്നാൽ, മുളയിലേ നുള്ളിക്കളയാനോ നിയന്ത്രണത്തിൽ ഒതുക്കിനിറുത്താനോ മറക്കാതിരിക്കുക.

## അനുബന്ധം

### നിങ്ങൾക്കു വിമ്മിട്ടമുണ്ടോ? എത്രമാത്രം?

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് തുറന്നതും വാസ്തവികവുമായ ഉത്തരം കൊടുക്കുക.

A
1. ഉറക്കക്കേടുണ്ടോ?
2. പഴയതുപോലെ നിങ്ങളുടെ തൊഴിൽ ചെയ്യാൻ പററുന്നില്ലെന്ന് തോന്നാറുണ്ടോ?
3. പെട്ടെന്ന് കാരണമൊന്നുമില്ലാതെ കരയുന്ന സ്വഭാവം ഉണ്ടോ?
4. പെട്ടന്നടക്കിയ ദേഷ്യംതോന്നാറുണ്ടോ?
5. വിശ്രമിക്കാൻ പററാത്തതോന്നലുണ്ടോ?
6. സാധാരണ സാമൂഹ്യ തുറകളിൽ നിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കാറുണ്ടോ? (മുമ്പുണ്ടായിരുന്ന സ്വഭാവത്തിനെതിരായി)
7. അസ്വാസ്ഥത അനുഭവപ്പെടുന്നുണ്ടോ?
8. വിശപ്പില്ലായ്മ കൂടുതലനുഭവപ്പെടുന്നുണ്ടോ?

മേൽപ്പറഞ്ഞ ഓരോ ചോദ്യത്തിനും 'ഉവ്വ്' എന്ന ഉത്തരത്തിനു് ഒരു മാർക്ക് കൊടുക്കുക.

B
1. സ്വയം വിമർശിക്കാൻ തോന്നാറുണ്ടോ?
2. അമിതമായി ആകാംക്ഷപ്പെടാറുണ്ടോ?
3. കാരണമില്ലാതെ കുററബോധം ഉണ്ടാകാറുണ്ടോ?
4. ആത്മവിശ്വാസം നഷ്ടപ്പെട്ടിട്ടുണ്ടോ?
5. രോഗബാധിതനാകുമെന്ന ഭയം കൂടെക്കൂടെ ഉണ്ടാകാറുണ്ടോ?
6. തീരുമാനങ്ങളെടുക്കാൻ പ്രയാസമനുഭവപ്പെടാറുണ്ടോ?
7. സ്വയമൊരുപരാജയമാണെന്ന് തോന്നാറുണ്ടോ?

ഈ ചോദ്യങ്ങൾക്ക് 'ഉവ്വ്' എന്ന ഓരോ ഉത്തരത്തിനും രണ്ടുമാർക്കുകൾ കൊടുക്കുക.

C
1. മനംമറിയൽ അനുഭവപ്പെടാറുണ്ടോ?
2. ഒരു കാരണവുമില്ലാതെ വല്ലാത്ത ക്ഷീണം അനുഭവപ്പെടാറുണ്ടോ?
3. കാരണമില്ലാത്ത ശ്വാസംമുട്ടൽ അനുഭവപ്പെടാറുണ്ടോ?
4. വെട്ടിപ്പിളർക്കുന്ന തലവേദന ഉണ്ടാകാറുണ്ടോ?
5. തണുത്തതും ഈർപ്പമണിഞ്ഞതുമാണോ ഇപ്പോൾ നിങ്ങളുടെ ഉള്ളംകൈയ്കൾ?

# കത്തോലിക്കാമെത്രാന്മാർ എയിഡ്സ് ബാധിച്ച് മരിക്കുന്നു!

## എം. ററി. ഋഷികുമാർ

എ.ഡി. രണ്ടായിരം തികയുമ്പോൾ ലോകം അവസാനിക്കുമെന്നും, അതിനു മുന്നോടിയായി, മഹാമാരികളും ഭൂകമ്പങ്ങളും ലൈംഗിക അരാജകത്വങ്ങളുമെല്ലാം നടമാടുമെന്നുമൊക്കെ, വളരെ നൂററാണ്ടുകളായി ക്രിസ്ത്യാനികൾ പ്രചരിപ്പിച്ചു വരുന്നുണ്ടായിരുന്നുവല്ലോ. ഇത്തരം ദുരന്തങ്ങളിൽ നിന്നെല്ലാം ശാശ്വതമായ രക്ഷനേടി സ്വർഗ്ഗരാജ്യം പ്രാപിക്കുന്നതിനായി എല്ലാവരും ഉടൻതന്നെ മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുകയും യേശുക്രിസ്തുവിനെ രക്ഷിതാവായി അംഗീകരിക്കുകയും ചെയ്യണമെന്ന് ക്രിസ്തുമതപുരോഹിതന്മാർ നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ഇത്തരത്തിലുള്ള മിഥ്യാഭീതി പടർത്തിയായിരുന്നു അവർ തങ്ങളുടെ മതത്തിലേയ്ക്ക് ക്ഷിപ്രവിശ്വാസികളെ ചേർത്തുകൊണ്ടിരുന്നത്.

രണ്ടായിരാമാണ്ടിൽ ലോകാവസാനം ഉണ്ടാകാതെ വന്നപ്പോൾ ഇളിഭ്യരായ ക്രിസ്ത്യാനികൾ, ഇക്കാലമത്രയും വിളിച്ചുകൂവിയ കള്ളപ്രചാരണങ്ങളെല്ലാം സ്വയം വെട്ടിവിഴുങ്ങിയിരിക്കുകയാണ്. ഏതാണ്ട്, ഒന്നര ദശാബ്ദം മുമ്പ്, എയിഡ്സ് എന്ന പുതിയൊരു രോഗം ആവിർഭവിച്ച അവസരത്തിൽ, അത്.

---

6. കഴുത്ത് തിരിക്കാൻ വയ്യാത്തപോലെ ഉറച്ചതായി തോന്നാറുണ്ടോ?

7. പെട്ടെന്ന് ദഹനക്കേടോ വയറിൽ അള്ളിപ്പിടിത്തമോ ഉണ്ടാകാറുണ്ടോ?

ഈ ചോദ്യങ്ങൾക്ക് 'ഉവ്വ്' എന്ന ഓരോ ഉത്തരത്തിനും മൂന്നു മാർക്കുകൾ കൊടുക്കുക.

മുകളിൽ കൊടുത്ത മൂന്നു വിഭാഗം ചോദ്യങ്ങളുടെയും ഉത്തരങ്ങൾക്കു കിട്ടിയ മാർക്കുകൾ കൂട്ടിയിടുക.

പതിമൂന്നോ അതിനുമേലെയോ മാർക്കുകൾ കിട്ടിയ വ്യക്തി തീർച്ചയായും ഉടനെ വൈദ്യസഹായം തേടേണ്ടതാണ്.

ഏഴിനും പന്ത്രണ്ടിനും ഇടക്കുമാർക്കു കിട്ടുന്നവർ ഒരുവിധം സംഗതികൾ മുന്നോട്ടുകൊണ്ടുപോകുന്നുവെന്നേയുള്ളു. സ്വയമോ വിദഗ്ദ്ധോപദേശ പ്രകാരമോ വേണ്ട ദിനചര്യകൾ അവർ ഉടനെ സ്വീകരിക്കേണ്ടതായിട്ടുണ്ട്, എങ്കിൽ വിമ്മിട്ടം നിയന്ത്രിക്കാനും ക്രമേണ അകററാനും കഴിയും.

ഒന്നിനും ആറിനും ഇടക്കു മാർക്കുകൾ കിട്ടിയവർക്ക് തീർച്ചയായും വിമ്മിട്ടത്തെക്കുറിച്ചു ചിന്തിക്കയേ വേണ്ട. അവർ മററുള്ളവർക്ക് മാതൃകയാണ്: സ്വന്തം ആരോഗ്യ രഹസ്യം മററുള്ളവർക്കു കൂടി അവർ പറഞ്ഞുകൊടുക്കുമോ!

(യുക്തിവാദപ്രചരണവേദിയുടെ പ്രസിദ്ധീകരണമായ 'വിശ്രമം ഉണർവ്വിനു' എന്ന പുസ്തകം വായിച്ചുപ്രായോഗികമാക്കുന്നതു വിമ്മിട്ടപ്രതിരോധത്തിനു ഉപകരിക്കും. 10ക. എം. ഒ. ആയി അയച്ചുകൊടുത്താൽ പുസ്തകം ലഭിക്കും.)

അന്ത്യദിനത്തിൽ, അവിശ്വാസികളെ ശിക്ഷിക്കുന്നതിനായി സർവ്വശക്തനായ ദൈവം ഭൂമിയിലേയ്ക്ക് അയച്ച മഹാമാരിയാണെന്നായിരുന്നു ഇക്കൂട്ടർ പ്രചരിപ്പിപ്പിച്ചത്. വർഷങ്ങളോളം സുവിശേഷയോഗങ്ങളിലെല്ലാം എയിഡ്സിന്റെ കാര്യം വിളിച്ചുപറഞ്ഞ് അവർ ഭീതികൂട്ടിക്കൊണ്ടിരിക്കുന്നു. പ്രധാനമായും ലൈംഗിക വേഴ്ചയിലൂടെ പകരുന്ന, ഈ രോഗത്തിന്, ഇതേവരെ ഫലപ്രദമായ മരുന്ന് കണ്ടുപിടിക്കാൻ ശാസ്ത്രത്തിന് സാധിച്ചിട്ടില്ല എന്നുള്ള വസ്തുതയെ അവർ സമർത്ഥമായി ചൂഷണം ചെയ്തുകൊണ്ടിരുന്നു. സുവിശേഷത്തിൽ വിശ്വസിച്ച് ക്രിസ്തുമതത്തിന്റെ സദാചാരം പിന്തുടരുന്നവർക്ക് ബാധിക്കില്ലാ എന്നായിരുന്നു ഇക്കൂട്ടരുടെവാദം!

എന്നാൽ, ഓരോ വർഷവും, എയിഡ്സ് ബാധിച്ചവരുടെ കണക്കുകൾ പുറത്തുവന്നുകൊണ്ടിരുന്നതു്, പരിശോധിക്കുമ്പോൾ ഈ വാദങ്ങളെല്ലാം തെററിപ്പോയി എന്നു കാണാവുന്നതാണ്. എയിഡ്സ് ബാധിച്ചവരിൽ ഭൂരിഭാഗവും ദൈവവിശ്വാസികളായിരുന്നു. അതിൽത്തന്നെ നല്ലൊരു പങ്ക് ക്രിസ്ത്യാനികളാണ്. ലൈംഗികത പാപമാണെന്ന് നിരന്തരം ഉദ്ഘോഷിച്ചുകൊണ്ടിരുന്ന ക്രിസ്തുമതത്തിന്റെ സദാചാരം എത്രത്തോളം കാപട്യം നിറഞ്ഞതാണെന്ന് തെളിയിക്കുന്ന വസ്തുതയാണിതു്.

ഇനി, വാദത്തിനുവേണ്ടി, സാധാരണക്കാരായ ക്രിസ്ത്യാനികൾക്ക് തെററുപററാവുന്നതാണെന്ന് നമുക്ക് അംഗീകരിക്കാം. അതേസമയം ബ്രഹ്മചാരിയായിരുന്നുവെന്ന് അവകാശപ്പെടുന്ന യേശുക്രിസ്തുവിന്റെ ഭൂമിയിലെ പ്രതിപുരുഷന്മാരായ പുരോഹിത പ്രമാണിമാർക്ക് ഒരിക്കൽപോലും തെററുപററിക്കൂടാത്തതാണ്. അതായതു് ബ്രഹ്മചര്യത്തിന്റെ ഉരുക്കുളോഹ അണിയുന്ന കത്തോലിക്കാപുരോഹിതന്മാർക്ക്, എയിഡ്സ് സാധ്യത ഉണ്ടായിക്കൂടാ എന്നർത്ഥം. ഇപ്രകാരം വിശ്വസിക്കുന്ന സാധുക്കൾ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ, അവർ, രണ്ടായിരാമാണ്ട് ഫെബ്രുവരി മാസം ഒന്നാം തീയതി കേരളാകൗമുദി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു വാർത്ത നിർബന്ധമായും വായിച്ചിരിക്കണം. ''എയിഡ്സ് ബാധിച്ച് അമേരിക്കയിൽ നിരവധി വൈദീകർ മരിച്ചു'' എന്ന തലക്കെട്ടിൽ അച്ചടിച്ചുവന്ന വാർത്ത ഇവിടെ ഉദ്ധരിക്കാം;

'കാൻസാസ്സിററി;- അമേരിക്കയിൽ നൂറുകണക്കിന് റോമൻ കത്തോലിക്കാ വൈദീകർ എയിഡ്സ് ബാധമൂലം മരണമടഞ്ഞു. മററ് നിരവധി വൈദീകർ ജീവിക്കുന്നതു് എയിഡ്സ് സൃഷ്ടിക്കുന്ന എച്ച്. ഐ. വി. വൈറസുമായിട്ടാണ്. 'കാൻസാസ് സിററി സ്ററാർ' എന്ന ദിനപ്പത്രം റിപ്പോർട്ട് ചെയ്തതാണ് ഈ വിവരം, കൃത്യമായി എത്ര വൈദീകർ എയിഡ്സ്മൂലം മരണമടഞ്ഞുവെന്ന് നിർണ്ണയിക്കാൻ ബുദ്ധിമുട്ടാണ്. എന്നാൽ സാധാരണ അമേരിക്കക്കാരെ അപേക്ഷിച്ച് വൈദീകർക്കിടയിൽ എയിഡ്ഡുമായി ബന്ധപ്പെട്ട മരണനിരക്ക് നാലുമടങ്ങ് കൂടുതലാണ്. ഒരു പഠനത്തെ ആധാരമാക്കി റിപ്പോർട്ട് പറയുന്നു.''

വാർത്ത ഇങ്ങനെ തുടരുന്നു:—

''അമേരിക്കയിൽ 600 ലക്ഷം കത്തോലിക്കരാണുള്ളതു്. 46000 വൈദീകർ അവർക്കുവേണ്ടി മതപരമായ സേവനം അനുഷ്ഠിക്കുന്നു. എയിഡ്സ് ബാധിച്ച വൈദീകരെ പള്ളി കൈവിടുന്നില്ല. അവരോടു് അനുകമ്പ കാണിക്കുകയും ചികിത്സയുടെ ചെലവ് വഹിക്കുകയും മരണം വരെ താമസിക്കാൻ സ്ഥലം നല്കുകയും ആവശ്യമായ പരിചരണം ലഭ്യമാക്കുകയും ചെയ്യുന്നുണ്ടു്.''

കത്തോലിക്കാ പുരോഹിതന്മാർക്കു് എയിഡ്സ് ബാധിച്ചതെങ്ങനെയാണു്? അവർ ബ്രഹ്മചര്യം തെററിച്ചു. അതായതു്, സ്ത്രീകളുമായി ലൈംഗിക വേഴ്ച നടത്തി. ''കത്തോലിക്കരുടെ ലൈംഗിക മൂഢത'' എന്ന വിഖ്യാതമായ ഗ്രന്ഥമെഴുതിയ ജോസഫ് മക്കാബെ, ഏതാണ്ടു് രണ്ടു് ദശാബ്ദങ്ങളോളം ക്രിസ്ത്യൻ പുരോഹിതനായി ജോലിനോക്കിയതിനുശേഷം, പിന്നീടു് അതുപേക്ഷിച്ചു് യുക്തിവാദിയായിത്തീർന്ന വ്യക്തിയാണു്. തന്റെ ഗ്രന്ഥത്തിൽ, അദ്ദേഹം പറയുന്നതു്, സ്ത്രീകളുമായുള്ള ലൈംഗികവേഴ്ച മാത്രമല്ല സ്വവർഗ്ഗരതിയും കത്തോലിക്കാ പുരോഹിതന്മാർ അതീവ രഹസ്യമായി അനുവർത്തിച്ചു വരുന്നുണ്ടെന്നാണു്. മക്കാബെയുടെ പുസ്തകം ഒരാവർത്തി വായിച്ചിട്ടുള്ളവർ, കത്തോലിക്കാപുരോഹിതന്മാർ എയിഡ്സ് ബാധിച്ചു മരിക്കുന്നുവെന്നുള്ള വാർത്തയിൽ അത്ഭുതം പ്രകടിപ്പിക്കുകയില്ല.

പുരോഹിതന്മാർക്കിടയിൽ ഇപ്രകാരം ലൈംഗിക അരാജകത്വം അഴിഞ്ഞാടാനുള്ള ഏകകാരണം, അവരുടെ ലൈംഗിക വികാരങ്ങളെ അടിച്ചമർത്താൻ സഭ പരസ്യമായി ആവശ്യപ്പെടുന്നു എന്നുള്ളതാണു്. ലോകത്തെമ്പാടുമായി പതിനായിരക്കണക്കിനു്, പുരോഹിതന്മാരെ ബ്രഹ്മചാരികളായും അതിലേറെ സ്ത്രീകളെ കന്യാസ്ത്രീകളായും സഭ വളർത്തുന്നുണ്ടു്.

നൈസർഗ്ഗീകമായ ലൈംഗികതയെ ബലമായി അടിച്ചമർത്തുന്ന ബ്രഹ്മചാരി കന്യാസ്ത്രീ എന്നിങ്ങനെയുള്ള സങ്കല്പങ്ങൾ പ്രകൃതിവിരുദ്ധമാണെന്നു് ആധുനികശാസ്ത്രം പറയുന്നു. മനുഷ്യന്റെ ജീവിതത്തിൽ, ലൈംഗികതയ്ക്കുള്ള പരമപ്രധാനമായ സ്ഥാനം, ആദ്യമായി ചൂണ്ടിക്കാണിച്ചതു്, പ്രശസ്ത യുക്തിവാദിയും ആധുനിക മനശ്ശാസ്ത്രത്തിന്റെ പിതാവുമായിരുന്ന സിഗ്മണ്ടു് ഫ്രോയിഡായിരുന്നുവല്ലോ. മനുഷ്യന്റെ സ്വാഭാവികമായ ലൈംഗികവാസനയെ ഇക്കാലമത്രയും സഭ അടിച്ചമർത്തിക്കൊണ്ടിരുന്നത് എന്തിനുവേണ്ടിയായിരുന്നു? സഭയുടെ തൊഴിലാളികളായ പുരോഹിതന്മാരേയും കന്യാസ്ത്രീകളേയും കുറഞ്ഞ കൂലിക്കു് കൂടുതൽ പണിയെടുപ്പിക്കാനുള്ള ഒരു തന്ത്രമായിരുന്നുവോ അതു്? അതിന്റെ സത്യമെന്തായിരുന്നാലും, ഒരുകാര്യം അനിഷേധ്യമാണു്. കത്തോലിക്കാസഭ, പുരോഹിതന്മാർക്കിടയിലെ ലൈംഗികവാസനയെ കൂടുതൽ കൂടുതലായി അടിച്ചമർത്തുന്തോറും അവർക്കിടയിൽ ലൈംഗിക അരാജകത്വം വർദ്ധിക്കുകയാണു്. കത്തോലിക്കാസഭാ നേതൃത്വം എന്തൊക്കെ പ്രഖ്യാപനങ്ങൾ നടത്തിയാലും, എല്ലാക്കാലത്തും പുരോഹിതന്മാരും കന്യാസ്ത്രീകളും രഹസ്യമായി ലൈംഗികവേഴ്ചയ്ക്കു് ലഭിച്ചിരുന്ന അവസരങ്ങളൊന്നും നഷ്ടപ്പെടുത്തിയിരുന്നില്ല എന്നുള്ളതാണു് സത്യം. പ്രകൃതി നിയമത്തിനു് മുന്നിൽ സഭാ നേതൃത്വം നിര

ന്തരം പരാജയപ്പെട്ടുകൊണ്ടിരുന്നതിനാലാവണം, ബ്രഹ്മചര്യത്തിന്റെ വേലി ക്കെട്ടുകൾ പലരും ചാടിക്കടക്കുന്നത് കണ്ടില്ലെന്ന് നടിക്കാൻ സഭ തയ്യാറായി ത്തുടങ്ങിയിട്ടുള്ളത്. എന്നുമാത്രമല്ല സഭാ ഇപ്പോൾ വേലിചാടാനുള്ള പരോക്ഷ മായ സജ്ജീകരണങ്ങളൊരുക്കി മൗനാനുവാദം നല്കുകയും ചെയ്യുന്നുണ്ട്.

അമേരിക്കയിൽ നിന്നുതന്നെ, കുറേവർഷങ്ങൾക്കുമുമ്പ് വന്ന ഒരു വാർത്ത ഇപ്പോൾ ഓർമ്മയിലെത്തുന്നു. പുരോഹിതന്മാരുടെ ആശ്രമങ്ങളിലും സെമിത്തേ രികളിലും മററും അടുക്കളജോലി തൂത്തുവാരലുമൊക്കെ ചെയ്യാൻ സുന്ദരികളായ യുവതികളെ നിയമിച്ചുകൊടുത്തിരുന്നുവത്രേ! ഇപ്രകാരം തൊഴിലെടുത്തുകൊ ണ്ടിരിക്കുന്ന യുവതികൾക്ക്, പുരോഹിതന്മാരിൽ നിന്നും ജനിക്കുന്ന കുട്ടികളെ സഭയുടെ ചെലവിൽ വളർത്തണമെന്നും, പ്രത്യേകം ആനുകൂല്യങ്ങൾ നല്കണമെ ന്നുമൊക്കെയുള്ള ആവശ്യങ്ങളുന്നയിച്ചുകൊണ്ട്, ആ യുവതികൾ സംഘടനരൂപീ കരിച്ച് സമരം ചെയ്തു തുടങ്ങി എന്നുള്ളതായിരുന്നു അന്നത്തെ വാർത്തയുടെ രത്ന ച്ചുരുക്കം. നമ്മുടെ നാട്ടിൽത്തന്നെ, പുരോഹിതന്മാർ വിശ്വാസികളായ സ്ത്രീകളു മായി ലൈംഗികബന്ധം പുലർത്തിയ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോഴും ഉണ്ട്. അതിന്റെ ഏററവും നല്ല ഉദാഹരണമാണ് അടുത്തകാലത്ത്, നടന്ന ചങ്ങനാശ്ശേരി സംഭവം. ഫാ. സിറിയക് കാർത്തികപ്പള്ളി എന്ന ഒരു യുവ പുരോഹിതൻ, റോമൻ കത്തോലിക്കാ സഭയുടെ ചങ്ങനാശ്ശേരി അതിരൂപ തയ്ക്കു കീഴിൽ വിവിധ പള്ളിയിൽ ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ, കുറുമ്പ നാടം പള്ളിയിടവകക്കാരനായ കെ. എം. ചാക്കോയുടെ മകളും പ്രായപൂർത്തിയാ കാത്ത പെൺകുട്ടിയുമായ സിനിയുമായി വിവിധ പള്ളിമേടകളിൽ വെച്ച് നിര വധി തവണ ലൈംഗികവേഴ്ച നടത്തുകയും അതിന്റെ ഫലമായി പെൺകുട്ടി ഗർഭിണിയായപ്പോൾ നിഗൂഢമായി ഗർഭം അലസിപ്പിക്കാൻ ശ്രമിക്കുകയും അത് നടക്കാതെവന്നപ്പോൾ സഭാമേലധികാരികളുടെ ഒത്താശയോടുകൂടി വിദ ശുമായി മുങ്ങുകയും ചെയ്തു.

1998 സെപ്തംബർ 15ന് സിനി പ്രസവിച്ച പെൺകുഞ്ഞിനെ ഇപ്പോൾ സഭയുടെതന്നെ ഒരു അനാഥാലയത്തിലാക്കിയിരിക്കുകയാണ്. ഇതാണ് കുപ്ര സിദ്ധമായിത്തീർന്ന ചങ്ങനാശ്ശേരി സംഭവം. ഈ സംഭവത്തിലെ കുററവാളി കൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇപ്പോൾ ഒരു ആക്ഷൻ കൗൺസിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുതകൗൺസിൽ ഈ സംഭവം കോടതിയുടേയും മനുഷ്യാവകാശ കമ്മീഷന്റേയും മുന്നിലെത്തിച്ചി രിക്കുകയാണിപ്പോൾ. പള്ളി വിശ്വാസികളായ സ്ത്രീകളോടുമാത്രമല്ല ആശ്രമ വാസികളായ കന്യാസ്ത്രീകളോടും ഇത്തരത്തിലുള്ള ലൈംഗികബന്ധം പുരോഹി തന്മാർക്കുണ്ട്. സിസ്റ്റർ അഭയ, സിസ്റ്റർ ജ്യോതിസ് തുടങ്ങിയ കന്യാസ്ത്രീകൾ കൊല്ലപ്പെട്ടതിനുകാരണം, അവർ ഇരുട്ടിന്റെ മറവിൽ, മത്തിലെത്തി പുരോ ഹിതന്മാർ കന്യാസ്ത്രീകളുമായി വേഴ്ചയിലേർപ്പെട്ടത് നേരിട്ടു കാണാൻ ഇടയായ താണത്രേ!

ഇത്തരം നിഗൂഢവേഴ്ചകൾ കൊലപാതകങ്ങൾക്കു കാരണമായിത്തീരുന്നതി നാലാവണം, ഇപ്പോൾ, സഭ, കന്യാസ്ത്രീകളുമായി പുരോഹിതന്മാർ ലൈംഗിക

# കേരളോൽപത്തിയും ആര്യബ്രാഹ്മണരും

പി. എം. എൻ. നമ്പൂതിരി

യുക്തിവിചാരത്തിൻെറ വാർഷികപ്പതിപ്പിൽ സുറിയാനി ക്രിസ്ത്യാനികളുടെ പൂർവ്വീകർ ബ്രാഹ്മണരാണെന്ന അവകാശവാദത്തെ വ്യാജാവബോധമാക്കി ടി. പരമേശ്വരൻ എഴുതിയ 'അഭിജാതബോധത്തിൻെറ തടവറയിൽ' എന്ന ലേഖനം വിജ്ഞേയമായിട്ടുണ്ടെങ്കിലും, വാമനൻ ഒരു ചക്രവർത്തിയെ കൊല ചെയ്തതും പരശുരാമൻ മുക്കുവരെ ബ്രാഹ്മണരാക്കിയതും ചരിത്രവുമായി സമരസപ്പെടുന്ന ഐതിഹ്യമല്ല. വൈദികമായ ആരാധനാ സമ്പ്രദായത്തേയും മന്ത്രോപചാരത്തേയും പൈതൃകമായി സംരക്ഷിച്ചുപോരുന്നവർ എന്ന നിലയിൽ നമ്പൂതിരിമാരുടെ സംപൂജ്യപദവിയാണ് തോമശ്ലീഹയുടെ പ്രേഷിതവൃത്തിയെ സംബന്ധിച്ച കെട്ടുകഥക്ക് പ്രേരകമായത്. ആ പദവി അവരിൽ ഭൂരിപക്ഷം പേരും ദരിദ്രരായിരുന്ന കാലത്തും നിലനിന്നിരുന്നു വെന്നാണ് സെൻസസ് റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നതു്. ഉദാഹരണത്തിനു്. ബ്രഹ്മാലയത്തേയും ദേവാലയത്തേയും വിശുദ്ധ സ്ഥാപനങ്ങളാക്കി അയിത്താചാരം കർശനമായി പാലിച്ച നമ്പൂതിരിമാരുടെ അവസ്ഥ അനന്തകൃഷ്ണയ്യർ 1901-ലെ റിപ്പോർട്ടിൽ ഇങ്ങനെ കാണിക്കുന്നു: 'ഭാഗ്യവശാൽ മലബാർ രാജാക്കന്മാർ തുടർന്നു നിലനിർത്തിപ്പോന്ന പരമ്പരാഗതമായ ആതിഥ്യമര്യാദകൾ മാത്രമാണ് നമ്പൂതിരിമാർക്ക് കഴിച്ചിലിനുള്ള ഏകമാർഗ്ഗം.' അതുപോലെ 1887-ലെ അവരുടെ അവസ്ഥ ഇങ്ങനെയാണ്. 'കേരള രാജാക്കന്മാർ ഇന്നും കാണിക്കുന്ന ഔദാര്യവും ആതിഥ്യവും കൊണ്ടു് മാത്രമാണ് സാധാരണ നമ്പൂതിരിമാർ കഴിഞ്ഞുകൂടുന്നത്. ഇന്ന് അവർ അധഃപതിച്ചുകൊണ്ടിരിക്കുകയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല.' നാഗം അയ്യരുടെ റിപ്പോർട്ടിൽ 'രാജകീയ പ്രതിപുരുഷനും, അന്നദാതാവും, പരമാധികാരിയും യജമാനനും, കുടുംബപരദേവതയും, ഭൂമിയിലെ

---

ബന്ധത്തിലേർപ്പെടുന്നതിനു് മൗനാനുവാദം നല്കിയിട്ടുള്ളത്. ഈ സുവർണ്ണാവസരം മുതലാക്കാൻ കന്യാസ്ത്രീകളും അച്ചന്മാരും മത്സരിച്ചു തിരക്കുകൂട്ടുകയാണത്രേ! ചുരുക്കത്തിൽ കത്തോലിക്കാ പുരോഹിതന്മാരിൽ ഭൂരിപക്ഷവും 'ബ്രഹ്മചാരികളല്ലാ എന്നതുപോലെതന്നെ കന്യാസ്ത്രീകളിൽ ഭൂരിപക്ഷവും കന്യകമാരല്ല എന്നാണ് ഇതെല്ലാം തെളിയിക്കുന്നത്.

കത്തോലിക്കാ പുരോഹിതന്മാർക്കിടയിൽ എത്രത്തോളം ലൈംഗിക അരാജകത്വം നിലനില്ക്കുന്നുണ്ടെന്ന് ഈ സംഗതികളെല്ലാം വ്യക്തമാക്കുന്നുണ്ടല്ലോ. ലൈംഗികാസക്തിയ്ക്ക് ശമനം തേടി അപഥസഞ്ചാരം നടത്തുന്നതിനാലാണ് അമേരിക്കൻ പുരോഹിതന്മാർക്കിടയിൽ എയ്ഡ്സ് പോലെയുള്ള രോഗങ്ങൾ വ്യാപകമായിത്തീർന്നത്. കേരളത്തിലാകട്ടെ, അത്, അഭയ പോലെയുള്ള നിർദോഷികളുടെ കൊലപാതകത്തിനു് കാരണമായിത്തീരുന്നു. കത്തോലിക്കാ സഭയിലെ പുരോഹിതന്മാരേയും കന്യാസ്ത്രീകളേയും വിവാഹം ചെയ്യാൻ അനുവദിക്കുന്നതിലൂടെ മാത്രമേ ഇത്തരത്തിലുള്ള ദുരന്തങ്ങൾ തടഞ്ഞുനിർത്താനാവുകയുള്ളൂ.

○

ദൈവ'വുമായ നമ്പൂതിരിമാരുടെ ദാരിദ്ര്യം അവരുടെ പദവിയെ പ്രതികൂലമായി ബാധിച്ചില്ല. ഇന്ന് അതേ പദവിയിൽ 'ഉപനയ സംസ്കാരമില്ലാത്തവർക്ക് പൂജാരിമാരാവാൻ അർഹതയില്ല' എന്ന പഴയ അവകാശവാദത്തിന്റെ പൈതൃകം അവർക്ക് അനുവദിച്ചുകൊടുക്കുന്നത് നായരും ഈഴവനും, പറയനും, അടങ്ങിയ ഭക്തജന സമൂഹമാണെന്ന വന്നാൽ, ഒരു നീതിന്യായക്കോടതിക്കും അവരെ ആ സ്ഥാനത്തുനിന്ന് താഴെയിറക്കാൻ സാദ്ധ്യമല്ലെന്ന അവസ്ഥയിലാണ് നവോത്ഥാനകേരളത്തിലെ സ്ഥിതിവിശേഷം അങ്ങനെ 'ബ്രാഹ്മണ്യ'മെന്ന വെള്ളാനയുടെ പുറത്ത് വെൺചാമരം പിടിക്കുന്നതും ആലവട്ടം വീശുന്നതും നായർക്കും ഈഴവനും ഭക്തിസംവർദ്ധകമായി മാറിയിരിക്കുന്നു. ബുദ്ധിജീവികൾ താളമേളം മുഴക്കുന്നു.

ചാവക്കാട്ട് പാലയൂരിലെ ക്രിസ്ത്യൻ പള്ളിക്കടുത്തുള്ള കുളത്തിൽ ബ്രാഹ്മണപ്രതിമകളും ക്ഷേത്രാവശിഷ്ടങ്ങളും കണ്ടവർക്ക് കേരളത്തിൽ ഒന്നാം നൂററാണ്ടിൽ ഒരു ക്ഷേത്രംപോലുമുണ്ടായിരുന്നില്ലെന്ന് മനസ്സിലായിട്ടില്ല. അവിടെ റോഡിന്നഭിമുഖമായി സ്ഥാപിക്കപ്പെട്ട പരസ്യപ്പലകയിൽ നമ്പൂതിരിമാരാണ് മതപരിവർത്തനത്തിന്ന് വിധേയരായതെന്ന് കാണിക്കുന്ന ലിഖിതമുണ്ടായിരുന്നു. പിന്നീട് പരസ്യത്തിൽനിന്ന് 'നമ്പൂതിരിമാർ' നീക്കം ചെയ്യപ്പെട്ടശേഷവും പ്രേഷിതവൃത്തിയുടെ വാർഷികാഘോഷം നടന്നുകൊണ്ടിരിക്കുന്നു. നമ്പൂതിരിമാർക്ക് 'ശാപക്കാടാ'യത് പിന്നീട് ചാവക്കാടായെന്ന സ്ഥലനാമമാഹാത്മ്യം എഴുത്തുകാർ എഴുന്നള്ളിക്കുന്നതും ചോദ്യം ചെയ്യപ്പെടുന്നില്ല.

ഭൃഗുവംശജനും ബ്രഹ്മക്ഷാത്രതേജോമൂർത്തിയുമായ പരശുരാമനെ ഭാർഗ്ഗവഗോത്രക്കാർ കേരളോദ്ധാരകനാക്കിയത് ഭൂമിയുടെ ജന്മാവകാശത്തിന്നും ധരണീസുരഭരണത്തിന്നും പവിത്രതകല്പിക്കാനായിരുന്നു. അങ്ങനെ ബ്രാഹ്മണകല്പിതമായ 'കേരളോല്പത്തി'യും 'കേരള മാഹാത്മ്യവും' ചരിത്രക്കാരുടെ പഠനസാമഗ്രഹികളാവുകയും 'കൊങ്കണ-കേരളങ്ങൾ ഒന്നായി രാമക്ഷിതിയാവുകയും ചെയ്തു. പരശുരാമൻ വെൺമഴുവെറിഞ്ഞ് ഉയർത്തിയ കേരളത്തിൽ തുളുനാട്ടിലെ 32 ബ്രാഹ്മണഗ്രാമങ്ങളും ഉൾപ്പെട്ടിരുന്നു. ആ ഗ്രാമക്കാരുടെ ഭരണം ഋഷികല്പിതമല്ലാതായി. പയ്യന്നൂരും. പെരുഞ്ചെല്ലൂരും പറപ്പൂരും ചെരുമ്പൂരും ഗ്രാമങ്ങളായപ്പോൾ സംഘർഷമുണ്ടായി. ക്രമസമാധാനം തകരാറിലായി. രക്ഷാപുരുഷന്മാർ മൂന്നു കൊല്ലത്തേക്ക് നിയുക്തരായി, നാലു കഴകങ്ങളുണ്ടായി. തളിയാതിരിമാർ സഹായികളായി. ആ ഭരണസംവിധാനവും പരാജയപ്പെട്ടതിനെത്തുടർന്ന്

മനസ്സിനിണങ്ങിയ വസ്ത്രങ്ങൾക്ക്

**ഫേഷൻ ഫേബ്രിക്സ്**

**തൃശൂർ**

ബ്രാഹ്മണർ പേരാററിൻ തീരത്ത് സമ്മേളിച്ചു. പരദേശിയായ പെരുമാളെ ക്ഷണിച്ചുവരുത്താൻ തീരുമാനമായി. അവരിൽ ഒരോരുത്തരുടേയും ഭരണകാലാവധി 12 വർഷമാക്കി. അങ്ങനെ 24 പെരുമാക്കന്മാർ ഭരിച്ചു. അവസാനത്തെ പെരുമാറം മക്കത്തുപോയി മുഹമ്മദ് നബിയെ ദർശിച്ച് ഇസ്ലാമിൽ ചേർന്നു. ഇത്രയുമാണ് പാരമ്പര്യകഥാസാരം. ഇസ്ലാമിക-ക്രിസ്ത്യൻ കേരളീയ പാരമ്പര്യത്തിൽ 'പെരുമാറം' അവരുടെ 'സ്വന്തം' മതത്തിലേക്ക് വന്ന ഐതിഹ്യവും പ്രസ്താവയോഗ്യം തന്നെ. ക്രിസ്തുവർഷം എട്ടാം നൂററാണ്ടിൽ ദക്ഷിണ കർണ്ണാടകത്തിൽ നിന്നാണ് കേരളത്തിൽ ബ്രാഹ്മണരുടെ കുടിയേററമുണ്ടായതെന്ന കാര്യത്തിൽ ചരിത്രകാരന്മാർക്കിടയിൽ പക്ഷാന്തരമില്ല. ഒരു രാജാവ് തൻെറ പ്രജകരം ക്രിസ്ത്യാനികളാവണമെന്ന് കല്പിക്കുന്നു. മറെറാരു രാജാവ് മുക്കവരെല്ലാം മുസ്ലീംകളാവണമെന്നും കല്പിക്കുന്നു. ഇവയിൽ ആദ്യത്തേതു് ഐതിഹ്യവും രണ്ടാമത്തേതു് ചരിത്രവുമാകുന്നു. കേരളോല്പത്തിക്കാരുടെ പരശുരാമൻ ഒരു ഭൂവിഭാഗം ബ്രാഹ്മണർക്ക് ദാനം ചെയ്യുന്നതും ബ്രാഹ്മണർക്ക് മേൽക്കോയ്മയുടെ ഭരണസമ്പ്രദായം നിലവിൽവരുന്നതും ഇതുപോലെ വേർതിരിച്ചു കാണണം. ഈ കാഴ്ചപ്പാടിൽ, 'ഭാർഗ്ഗവ ഭൂമിയിൽ ശൂദ്രസ്ത്രീകരംക്ക് പാതിവ്രത്യം ആവശ്യമില്ല' എന്ന 'പരശുരാമകല്പന' ടിപ്പുസുൽത്താൻെറ സന്ദേശത്തിലും പ്രതിഫലിക്കുന്നു.

മാനുഷരെല്ലാം ഒന്നാണെന്ന സങ്കല്പത്തിൽ പൊട്ടിവിടർന്ന നാടൻ പാട്ടിലെ മാവേലിമന്നൻ അസുരചക്രവർത്തിയല്ലെന്നും സാധാരണക്കാരനായ നാടുവാഴിയാണെന്നും വ്യക്തമായിട്ടുണ്ട്. ഋഗ്വേദത്തിലെ 'മൂന്നുകാൽവെപ്പുകളോടുകൂടിയ സൂര്യ'ൻെറ വിക്രമമാണ് വാമനാവതാരം. അദിതിയുടെ പുത്രനായ വാമനൻ ജനിക്കുന്നതു് ഭൂമിയിലല്ല. ജ്യോതിഷപ്രകാരം സൂര്യൻ ചിങ്ങം രാശിയിൽ വരുമ്പോരം വിഷ്ണുവായ ആ ദേവൻ ഇറങ്ങിവരുന്നു. എന്നാൽ വാമനമൂർത്തിയുടെ വേഷം ഒരു ബ്രാഹ്മണബ്രഹ്മചാരിയുടേതായതുകൊണ്ടു്, ഒരുപക്ഷെ, ആ രൂപം ബ്രാഹ്മണീയ ധർമ്മത്തിൻെറ പ്രതീകമാവാം. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് വാമനപാദമുദ്ര അടിമത്തത്തിൻെറ ചിഹ്നമാണെന്ന് സൂചിപ്പിച്ചിരിക്കുന്നു. 'ഉത്രാടം പാതിരക്ക് തിരുവോണം പുലരെക്കണ്ടതേ തേവാ' എന്ന പാണൻപാട്ടിലെ 'ദേവൻ' മാതേവരായ ശിവനാണ്. വാമനകഥയാകട്ടെ വിഷ്ണുവിനെ യജ്ഞപുരുഷനാക്കുന്നു. ഗീതയിൽ യാദവകൃഷ്ണനും ആ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നു!

ഇന്നും ബ്രാഹ്മണൻെറ വിവാഹച്ചടങ്ങുകളിൽ വള്ളവും വലയും ചൂണ്ടയും മത്സ്യവുമുണ്ടെന്ന് ടി. പരമേശ്വരൻ കണ്ടുപിടിച്ചതു് എങ്ങനെയാണെന്ന് വ്യക്തമല്ല. ദേവഗുരുവായ ബൃഹസ്പതിയുടെ കാർമ്മികത്വത്തിൽ ഒരു ദേവകന്യകയുടെ വിവാഹത്തെയാണ് നമ്പൂതിരിമാർ അനുകരിക്കുന്നതു്. ആശ്വലായൻ, കൗഷീതകൻ, ബോധായനൻ എന്നിവരുടെ ഗൃഹ്യസൂത്രങ്ങരംക്കനുസരിച്ച് എല്ലാവരും വസിഷ്ഠൻ, അംഗിരസ്സ്, കശ്യപൻ മുതലായ ഋഷിമാരുടെ ഗോത്രപ്പേരുകരം ജാതകർമ്മാദി ഷോഡശക്രിയകളിൽ അനുസ്മരിക്കും. ജീവിതകാ

ലത്തു മാത്രമല്ല മരണാനന്തരക്രിയയിലും ഉദകദർപ്പണത്തിന്നു് 'ആംഗിരസ ഗോത്രേ നാരായണശർമ്മാ നമ ഏതത്തു ഉദകം' എന്ന മന്ത്രം പരേതനാമത്തിൽ ചൊല്ലണം. പാണിഗ്രഹണത്തിന്നു് ആഭിജാത്യഭേദമില്ലാതെ വരൻ വധുവിനോട്ട് പറയുന്നവിധത്തിൽ ഒരേ മന്ത്രം ചൊല്ലുന്നു. അതായതു്

'ഗൃഭ്ണാമിതേ സൗഭാഗത്വായ ഹസ്തം
മയാപത്യാജരദൃഷ്ടിഃ യഥാ സ
ഭഗോ ആര്യമാ സവിതാ പുരന്ധിർ
മഹ്യം താദ്ദുർ ഗാർവാപത്യായ ദേവാഃ'

(ഞാൻ സൗഭാഗ്യത്തിന്നായി നിൻെറ കരം ഗ്രഹിക്കുന്നു. ഗാർഹപത്യത്തിൽ നീ എന്നോടൊപ്പം വാർദ്ധക്യമടയണം. ഭഗൻ, ആര്യമാവ്, സവിതാവ് പൂഷാവ എന്നീ ദേവന്മാർ നിന്നെ ഗൃഹസ്ഥത്വത്തിന്നു് എന്നെ ഏല്പിച്ചു തന്നിരിക്കുന്നു ) സൂര്യ എന്ന കന്യത ഭർത്താവിൻെറ അടുക്കലേക്കു് പോകുമ്പോൾ ചിന്താദേവത തലയണയാകുന്നതുപോലെയാണ് വധുവിൻെറ മാനസികാനുഭവം. വിവാഹപടങ്ങുകളിൽ ദാനദ്രവ്യങ്ങളിൽ സ്വർണ്ണനിർമ്മിതമായതൊന്നും പാടില്ലം (സഹധർമ്മിണിയാകുന്നതുവരെ സൂര്യയുടെ കഴുത്തിലും ആഭരണമുണ്ടായിരുന്നില്ല ) പിതൃപിതാമഹപാരമ്പര്യമനുസരിച്ചാണ് ദാനം. കേരളോല്പത്തിക്കഥയിലെ പരശുരാമൻ മുക്കുവരെ ബ്രാഹ്മണരാക്കണമെങ്കിൽ അവരുടെ കഴുത്തിലെ ചരടുമാത്രം കണ്ടാൽപോരാ പിതൃത്വവും പരിഗണിക്കണം. എല്ലാ സ്മൃതികളിലും ധർമ്മശാസ്ത്രങ്ങളിലും കാണപ്പെടുന്ന ഒരു നിയമോപദേശം 'ശൂദ്രക്കു് വേദാദ്ധ്യായനം പാടില്ല' എന്നു തന്നെയാണ്. അപ്പോൾ വർണ്ണബാഹ്യരായ മീൻപിടുത്തക്കാരുടെ അവസ്ഥയെക്കുറിച്ചു് ആലോചിക്കേണ്ടതില്ല. മറാത്തിയിലെ കെട്ടുകഥയ്ക്കു് ഭാർഗ്ഗവഭൂമിയിൽ പ്രസക്തിയില്ല.

ആര്യൻ എന്നതു് ഒരു വംശത്തിൻെറ പേരല്ല. വൈദിക സംസ്കൃതവുമായി തുലനം ചെയ്യപ്പെടുന്ന ഭാഷയുടെ പ്രത്യേക രൂപമാണതു്. പശ്ചിമേഷ്യയിൽ നിന്നോ കുറച്ചുകൂടി അപ്പുറത്തുനിന്നോ ഇന്ത്യയിലെത്തിയവർ പിന്നീടു് ഹാരപ്പൻ സംസ്ക്കാരം ഉൾക്കൊണ്ടു. ഭാവിയിൽ ഒരാൾ ഇംഗ്ലീഷിൽ സംസാരിക്കുന്നവരെല്ലാം ഒരു വംശത്തിൽപെട്ടവരാണെന്നു് വാദിക്കുന്നതുപോലെയാണ് ആര്യവംശപ്രയോഗം. വേദത്തിൽ ഈ പദം ശ്രേഷ്ഠതയെ കുറിക്കുന്നു. പില്ക്കാലത്തു സംസ്കൃത ഭാഷ സംസാരിക്കുകയും വർണ്ണാശ്രമധർമ്മം പാലിക്കുന്നവക്കും ആ നൽകപ്പെട്ടു ഇന്നത്തെ 'ഹിന്ദുമത'ത്തിൽ ആര്യൻ എന്നു് പറയാവുന്നതു് യജ്ഞാവശിഷ്ടമാണ്. മാക്സ്മുള്ളരുടെ യൂറോപ്യൻ ആര്യവംശസിദ്ധാന്തം ബ്രിട്ടീഷുകാരും ആര്യന്മാരാണെന്ന തെററായ ധാരണക്കിടയാക്കി. അങ്ങനെ പണ്ഡിതനായ കേശവ്ചന്ദ്രസെൻ ബ്രിട്ടീഷുകാരുടെ ഭരണത്തെ സ്വാഗതം ചെയ്തതു് പൂർവ്വീകരുടെ ഒത്തുചേരലെന്ന നിലയിലാണ്. മാക്സ് മുള്ളർ തെററു് തിരുത്തിയിട്ടും ആര്യവംശ സിദ്ധാന്തത്തെ ക്രൈസ്തവ മിഷണറിമാർ ഉപയോഗിക്കുകയും ആര്യന്മാരായ ബ്രാഹ്മണർ കടുത്ത മർദ്ദനം അഴിച്ചുവിട്ടുവെന്നും കീഴ്ജാതിക്കാരെ പൂർണ്ണമായ അടിമത്തത്തിൻെറ അവസ്ഥ

## കത്തുകളിൽ നിന്ന്:-

**യുക്തിവാദികളിൽ നെല്ലും പതിരും!** യുക്തിവിചാരം ഫെബ്രുവരി 2000 ലക്കത്തിൽ ശ്രീ. പവിത്രൻ എഴുതിയ 'സത്യാന്വേഷണവും സത്യസന്ധതയും' എന്ന ലേഖനം 'ബോധപൂർവ്വം മററുള്ളവരെ ചതിക്കുന്ന, ചൂഷണം ചെയ്യുന്ന, കുതികാൽ വെട്ടുന്ന, അർഹതപ്പെടാത്ത സ്ഥാനമാനങ്ങളും പദവികളും തനിക്കുണ്ടെന്ന് സ്വയം പ്രഖ്യാപിക്കുന്ന, പ്രചരിപ്പിക്കുന്ന, പണവും മററും വായ്പ വാങ്ങിയാൽ തിരിച്ചുനല്കാതിരിക്കുന്ന 'യുക്തിവാദി സുഹൃത്തുക്കളെ കുറിച്ചുള്ളതാണ്. അവരിലുൾപ്പെട്ട ഏതാനും സംഘടനാ നേതാക്കളിൽ നിന്ന് തനിക്കുണ്ടായ അനുഭവങ്ങളാണ് പവിത്രൻെറ ലേഖനത്തിലുടനീളം തുടിച്ചു നില്ക്കുന്നത്.

പേരെടുത്തു പറഞ്ഞിട്ടില്ലെങ്കിലും ആരോപണങ്ങൾകൊണ്ട് മനസ്സിലാക്കാവുന്നത് യുക്തിവാദികളിൽ നെല്ലും പതിരും ഉണ്ടെന്നാണ്. പതിരാണോ കൂടുതൽ, നെല്ലാണോ എന്നുള്ളതിലേ സംശയമുള്ളു. പണത്തിൻെറ കാര്യത്തിലാണ് യുക്തിവാദി മാന്യന്മാരെല്ലാം ചൂഷണകല അതിവിദഗ്ദ്ധമായി അഭ്യസിച്ചിരിക്കുന്നതു്.

'പണമില്ലാത്തവൻ പിണം' ആണെന്ന പഴഞ്ചൊല്ലിൽ പതിരില്ല. അതുകൊണ്ടാണ് സ്വർഗ്ഗത്തിനുവേണ്ടി ജീവിക്കേണ്ട ദൈവവിശ്വാസിയും ധനികനാകാൻ വേണ്ടി ദൈവത്തിൻെറ കണ്ണുവെട്ടിച്ച് പണത്തിനുപിറകെ പോകുന്നതു്. ഇഹലോകത്തിൽ ദാരിദ്ര്യ ജീവിതവും, കഷ്ടപ്പാടും അനുഭവിക്കുന്നവരെ ദൈവം കൂടുതൽ സ്നേഹിക്കുന്നു എന്നുള്ള ഉപദേശം മതവിശ്വാസികളെ സ്വർഗ്ഗമോഹികളായി തീർത്തിട്ടും ഇഹലോകസുഖത്തിനാധാരമായ പണത്തിനാണ് അവർ മുൻതൂക്കം കൊടുക്കുന്നതു്. ഈ ഇരട്ടത്താപ്പുനയം മതാദ്ധ്യക്ഷന്മാരുടെ സുഖ

---

യിൽ നിലനിർത്തിയെന്നും വാദിക്കുകയും ചെയ്തു. ജ്യോതി ബാഫുലേയും മാക്സ്മുള്ളരുടെ സിദ്ധാന്തത്തെയാണ് അവലംബിച്ചതു്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ഭൂമിയുടെ ആവകാശികൾ ഉയർന്ന ജാതിക്കാരും അക്രമികളുമായ ആര്യന്മാരല്ലശൂദ്രരും ആധിശൂദ്രരുമാണ്. അര്യന്മാരുടെ വരവിനു മുമ്പുള്ളതായിരുന്നു ജ്യോതിബാഫുലേക്ക് സുവർണ്ണകാലം. ജർമ്മനിയിലെ ജൂതരെപ്പോലെ അനാര്യരാണ് ഇന്ത്യയിലെ മുസ്ലീംകളെന്ന ധാരണ വരുത്തിയതും ആര്യവംശസിദ്ധാന്തംതന്നെ. ഈ സിദ്ധാന്തത്തെ ഹിന്ദുത്വവാദികൾ ഉപയോഗിച്ച് ഹിററ്ലർ പ്രയോഗിച്ച നടപടി മുസ്ലീംകൾക്കെതിരെ വേണമെന്നും വാദിച്ചു. ഇപ്പോൾ മതപരിവർത്തനത്തിനുവേണ്ടി ഹിന്ദുക്കൾക്കുള്ളതു് ചെകുത്താൻ ദൈവങ്ങളാണെന്ന് വിദേശീയരായ ക്രൈസ്തവ മിഷണറിമാർ കണ്ടെത്തിയിരിക്കുന്നു. ആര്യൻ ഭാഷ സംസാരിച്ചിരുന്നവരുടെ വരവിനുശേഷം രണ്ടരസഹസ്രാബ്ദങ്ങൾക്കിടയിലുണ്ടായ പ്രകൃതിമാററം മിശ്രവിവാഹം സാസ്കാരിക വിനിമയം മുതലായവ പരിഗണിക്കപ്പെടുമ്പോൾ മലയാള ബ്രാഹ്മണൻ ആര്യനാണോ എന്ന് അന്വേഷിക്കുന്നതിന്നർത്ഥമില്ല. ഭുവുടമസ്ഥതയാണ് അധികാരം എന്ന തത്വം മാത്രമേ പരശുരാമകഥ പഠിപ്പിക്കുന്നുള്ളു ഇന്ന് അത് ദളിത് സാഹിത്യത്തിലെ പാഠമായിരിക്കുന്നു. O

ലോലുപതയിൽ നിന്നാണ് തുടങ്ങിയിരിക്കുന്നതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. ദാരിദ്ര്യത്തെ അവർ പുകഴ്ത്തുന്നതോടൊപ്പം തന്നെ ദൈവത്തിനുവേണ്ടി പണം സ്വരൂപിക്കേണ്ടതാവശ്യമാണെന്നും അവർ പ്രചരിപ്പിക്കുന്നു. മനുഷ്യരുടെ മരണാനന്തര ജീവിതം സ്വർഗ്ഗത്തിൽ വെച്ചായിരിയ്ക്കണമെന്നുണ്ടെങ്കിൽ ദൈവത്തെ ധനംകൊണ്ട് പ്രസാദിപ്പിക്കണമെന്നവർ മുന്നറിയിപ്പുകൊടുക്കുന്നു. അദ്ധ്വാനിച്ച് പണമുണ്ടാക്കുന്ന മനുഷ്യരോട് പണം ദൈവത്തിൻെറ ദാനമാണെന്ന് വിശ്വസിപ്പിച്ച് അവരിൽ നിന്ന് ഒരു നല്ല പങ്ക് മതാദ്ധ്യക്ഷന്മാർ കൈയ്യിലാക്കുന്നു. ഇങ്ങിനെ ദൈവത്തിൻെറ പേരിൽ മനുഷ്യരെ ചൂഷണം ചെയ്ത് സ്വരൂപിച്ചുവെച്ച മതസ്ഥാപനങ്ങളിലെ സ്വത്തുക്കൾ മതം നിലനില്ക്കാനും മതമേധാവികളുടെ സുഖജീവിതത്തിനും പ്രയോജനപ്പെടുത്തുകയാണ്. മതം പ്രചരിപ്പിക്കണമെങ്കിൽ പണം അത്യാവശ്യമാണ് എന്ന യാഥാർത്ഥ്യം ശരിക്കും മനസ്സിലാക്കിയവരാണ് ദൈവത്തിൻെറ പ്രതിപുരുഷന്മാർ. അവരുടെ പണച്ചാക്കുകൾക്കുമീതെ മതങ്ങൾ കെട്ടുറപ്പോടുകൂടി ഇന്നും നിലകൊള്ളുന്നു. അടുത്ത കാലത്തൊന്നും മതങ്ങൾക്ക് നാശം ഉണ്ടാകുമെന്നു തോന്നുന്നില്ല.

പണമില്ലാത്തവൻ പിണമാണെന്ന പ്രമാണം യുക്തിവാദികൾക്കും ബാധകമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. പിണത്തിൻെറ അവസ്ഥയിൽ തന്നെയാണ് നമ്മുടെ യുക്തിവാദിസംഘടനകളെല്ലാം ഇന്നും. യുക്തിവാദികളിൽ ധനികരില്ല എന്നുള്ളതാണ് ഈ അവസ്ഥയ്ക്കുകാരണം. ധനികരിൽ നിന്നുള്ള നിർല്ലോഭമായ വഴിപാടുകളാണ് ഏതൊരു പ്രസ്ഥാനത്തേയും വളർത്തിയെടുക്കുന്നത്. അന്യർക്ക് വിമർശിക്കാനാവാത്തവിധത്തിൽ ജോലി ചെയ്ത് മാന്യതയോടുകൂടി ജീവിക്കുന്ന യുക്തിവാദികളും അവരുടെ കുടുംബങ്ങളും മൊത്തം യുക്തിവാദികളുടെ അഭിമാനമാണ് ഉയർത്തിപ്പിടിക്കുന്നത്. ഇവർ ഒററപ്പെട്ട് ജീവിക്കുന്നവരാണ് എന്നിരിയ്ക്കെ ഒരു യുക്തിവാദി മറെറാരു യുക്തിവാദിയെ ചൂഷണം ചെയ്യുന്നതു് ലജ്ജാകരം തന്നെയാണ്. ഉള്ളവനിൽ നിന്നു് ഇല്ലാത്തവനിലേക്ക് പണം ഒഴുകണമെന്ന സിദ്ധാന്തം നിലനില്ക്കുന്നുണ്ട്. പക്ഷേ, അതു് യുക്തിവാദികൾ പരസ്പരം പ്രാവർത്തികമാക്കാതിരിക്കുന്നതാണ് അവരിൽ ഒരൈക്യത നിലനിർത്താൻ നല്ലതു്.

എനിയ്ക്കുണ്ടായ ഒന്നുരണ്ട് അനുഭവങ്ങൾ കൂടി സൂചിപ്പിക്കാം. ഒരു യുക്തിവാദി സാറിൻെറ യുക്തിവാദവിവാഹത്തിനു് അദ്ധ്വാനം കൊണ്ടും പണം കൊണ്ടും സഹായിച്ചതിനുപുറമെ സാറിൻെറ പ്രസിദ്ധീകരണ ഫണ്ടിലേക്ക് എൻെറ ഒരു പുസ്തകം പ്രസിദ്ധീകരിക്കാമെന്ന പേരിൽ 800 രൂപയും എന്നിൽ നിന്നു് സാറ് വാങ്ങി ഇരുപത്തഞ്ചുവർഷങ്ങൾക്കുമുമ്പ് നടന്ന ഈ ഇടപാടിൻെറ രശീതി ഇപ്പോഴും എൻെറ കൈവശമുണ്ട്. സാറിൻെറ കത്തുകളും ഉണ്ട്. 'ഡോക്ടറല്ലെ, പൂത്തപണമുണ്ടായിരിക്കും; അതിലൊരു വിഹിതം എനിക്കും' എന്നായിരിക്കും സാറ് ധരിച്ചുവെച്ചിരിക്കുന്നതു് യുക്തിവാദിയാണെങ്കിലും 'ഈ പണം എനിക്കർഹതയില്ലാത്തതാണ്'' എന്നു് സാറിനു് ഇതുവരെ ബോദ്ധ്യമായിട്ടില്ല. ആടിനു് ആടിൻെറ പ്രയാസം. ആനയ്ക്ക് ആനയുടെ പ്രയാസം. 'ദയാവധം' പിന്നീട് പ്രസിദ്ധീകരിച്ചതു് പ്രഭാത്ബുക്ക് വഴിയാണ്. മറെറാരവസരത്തിൽ വീട്ടിൽ വെച്ച് ഒരു യുക്തിവാദി സൗഹൃദ്സമ്മേളനം നടത്തിയപ്പോൾ, അതിനു വേണ്ടി ചിലവാക്കിയ പണത്തോടൊപ്പം ഒരു വാച്ച് കൂടി നഷ്ടപ്പെട്ടപ്പോൾ യുക്തിവാദികളിൽ അങ്ങിനെയുള്ളവരും ഉണ്ടെന്നു് മനസ്സിലായി.

യുക്തിവാദികളെന്നു പറയാൻ വളരെ കുറച്ചുപേരെ ഇന്നുള്ളു. അവർ പരസ്പരം അറിഞ്ഞിരിക്കേണ്ടതുണ്ട്. മാന്യതയോടുകൂടി പെരുമാറേണ്ടതുമുണ്ട്. യുക്തിവാദികളിൽ പതിരാണ് കൂടുതലെങ്കിൽ ശേഷിക്കുന്നവർക്ക് ഒററപ്പെട്ടു ജീവിക്കുകയേ നിർവ്വാഹമുള്ളു. ഒന്നുളക്കാൻ മാത്രം നെല്ലുണ്ടാക്കിയിട്ടുവേണം 'ഞങ്ങൾക്കാളുണ്ട്' എന്നൊന്ന് മേനി നടിക്കാൻ. ഉള്ളവരിൽ ഉയർന്ന സാമ്പത്തികതലത്തിൽ ജീവിക്കുന്നവർ ശ്രീ. എം. സി. ജോസഫിൻെറ അഭിപ്രായത്തോട് യോജിച്ച് സ്വന്തം കാര്യം നോക്കി കഴിയുന്നതു് അവരുടെ അനുഭവങ്ങൾ വഴിയായിരിക്കണം. എങ്കിൽ വ്യക്തിഗതയുക്തിവാദം തന്നെ ശരണം. മതവിശ്വാസികളുടെ പുറംമാന്യതയെങ്കിലും യുക്തിവാദികൾക്ക് പകർത്താനാകുന്നില്ലെങ്കിൽ നീതിബോധമില്ലാത്ത യുക്തിവാദികൾ മാന്യതയുള്ള യുക്തിവാദികൾക്കു് അപമാനമാണ്. സംഘടനകളിൽ അങ്ങിനെയുള്ളവർ കടന്നുകൂടിയിട്ടുണ്ടോ് എന്നന്വേഷിക്കേണ്ടതു് സംഘടനയുടെ ഉത്തരവാദിത്വത്തിൽപെടുന്നു. ശ്രീ പവിത്രൻെറ ആരോപണങ്ങൾക്ക് സംഘടനാതലത്തിൽ ഒരു പ്രതികരണം പ്രതീക്ഷിക്കുന്നുണ്ട്.

ഡോ: ലാസർ-ആലപ്പുഴ

**കൃതജ്ഞത:–** ഒററലക്കം മുടക്കംവരുത്താതെ 23 കൊല്ലവും യുക്തിവിചാരം പ്രസിദ്ധീകരിച്ചതിനു അനുമോദിക്കാനല്ല, കൃതജ്ഞത പ്രകാശിപ്പിക്കാനാണീവരികൾ കുറിക്കുന്നതു്. ക്ഷേത്രവിശ്വാസശീലരായ ഇന്ത്യൻ സമൂഹത്തിൽ പ്രബുദ്ധരായ കേരളീയർക്കും പ്രത്യേകതയൊന്നുമില്ലെന്നു നമുക്കു ദിവസേനയെന്നോണം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ഞാനിപ്പോൾ കുവേരിയിൽനിന്നു താമസം തൃച്ചംബരത്തേക്കുമാററിയപ്പോൾ ഒരു കൂട്ടം കപടഭക്തന്മാരുടെ ഇടയിൽ കഴിയവെയാണു കൂടുതൽ ബോധ്യമായതു്. അപ്പോൾ ഇത്തരം ചെറിയ ചികിത്സപോലുമില്ലെങ്കിൽ സമൂഹത്തിൻെറ സ്ഥിതിയെന്താകും എന്നാലോചിക്കുമ്പോഴാണ് യുക്തിവിചാരത്തിൻേറയും എ വി ജോസിൻേറയും മഹത്വം വെളിവാകുന്നതു്. ആദ്യ മുതലേ യുക്തിവിചാരത്തിൻെറ വരിക്കാരനായിരുന്ന എനിക്കു അടുത്തകാലത്താണ് ആ പദവി നഷ്ടപ്പെട്ടതു്. എങ്കിലും എല്ലാലക്കവും ഞാൻ വാങ്ങാറുണ്ട്. എം. പ്രഭ, നാരായണൻ പേരിയ തുടങ്ങിയവരെ വാർഷികപ്പതിപ്പിൽ കണ്ടപ്പോൾ സന്തോഷം. മാതൃഭൂമി വാരികയിൽ കെ. മാധവൻ എഴുതുന്ന C.B.I. ഡയറിക്കുറിപ്പിൽപോലും എന്തുമാത്രം അബദ്ധധാരണകളാണ്. ഞാനതിനെപ്പററി അയച്ച കത്തിലെ കുറെ വരികൾ ഈ ആഴ്ച അവർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എം. ബി. കെ. മരിച്ചദിവസം നമ്മൾ സംസാരിച്ചിരുന്നുവല്ലോ. അതിനുശേഷം ഒരു ഫൗണ്ടേഷൻ രൂപീകരിച്ചിട്ടുണ്ട്. ഞാനുടൻ വരിസംഖ്യ അയക്കുന്നു.

കെ. മാധവൻ മാസ്റ്റർ, 'അക്ഷരം' തൃച്ചംബരം, തളിപ്പറമ്പ് P. O.

**ആരുണ്ട് ഗൗനിക്കാൻ:–** വിശേഷാൽപ്രതി 'വിശേഷാൽപ്രതി'തന്നെയാക്കി. അനുമോദനങ്ങൾ! പക്ഷെ എത്രപേരിൽ എന്തു ചിന്താവിപ്ലവം സൃഷ്ടിക്കുന്നുണ്ട്? ഭരണഘടന യുക്തിവാദമനോഭാവത്തെയും മററും മൗലികകർത്തവ്യമാക്കി പ്രഖ്യാപിച്ചിട്ടു എത്ര കാലമായി. പക്ഷെ ആരുണ്ട് അതു ഗൗനിക്കാൻ. എന്നാൽ ഇന്നു ഇവിടെ യുക്തിവാദി സമ്മേളനങ്ങൾക്കു വളർച്ചയില്ലല്ലോ. നിരാശ വേണ്ട. നാം വളരുകതന്നെ ചെയ്യും. അധ്യാ: എം. പ്രഭ, എറണാകുളം

**കോഴിക്കോട് ജില്ലാ സമ്മേളനം:-** കേരള യുക്തിവാദിസംഘം കോഴിക്കോട്ട് ജില്ലാ സമ്മേളനം അടുത്ത മാർച്ച് 26-ാംനു- നടത്തുന്നതിനുവേണ്ടി വിപുലമായ സ്വാഗതസംഘം രൂപീകരിച്ച പ്രവർത്തനം നടത്തിവരുന്നു.

**കോട്ടൂർ പഞ്ചായത്ത് യൂണിററ് സമ്മേളനം:-** കേരള യുക്തിവാദിസംഘം കോട്ടൂർ (കോഴിക്കോട്ട്) പഞ്ചായത്തു് യൂണിററ് വാർഷിക സമ്മേളനം കൂട്ടാലിട ബോധി കോളേജിൽ വെച്ച നടന്നു. പ്രസിഡണ്ടിൻെറ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സെക്രട്ടറി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ജില്ലാ സെക്രട്ടറി ടി. പി. മണി സംഘടനാ കാര്യങ്ങൾ വിശദീകരിച്ചു പുതിയ വർഷത്തെ ഭാരവാഹികളായി കെ. വി. ശങ്കരൻ (പ്രസിഡണ്ട്), വി. ശിവദാസൻ (സെക്രട്ടറി), ടി. കെ. ബാലൻ (ജോയിൻറ് സെക്രട്ടറി) എന്നിവരേയും തിരഞ്ഞെടുത്തു.

**കായണ്ണ പഞ്ചായത്ത് യൂണിററ്:-** കോഴിക്കോട്ട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ കായണ്ണയിൽ കെ. വി. ശങ്കരൻെറ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കേരള യുക്തിവാദിസംഘം കായണ്ണ പഞ്ചായത്ത് യൂണിററ് രൂപീകരിച്ചു. ജില്ലാ പ്രസിഡണ്ട് എം. രാമദാസ് യോഗം ഉൽഘാടനം ചെയ്തുകൊണ്ട് സംഘത്തെക്കുറിച്ചും സംഘത്തിൻെറ ആവശ്യകതയെക്കുറിച്ചും ആശയ പ്രചരണ ബോധവല്ക്കരണ പരിപാടികളെക്കുറിച്ചും സംസാരിച്ചു. ജില്ലാ സെക്രട്ടറി ടി. പി. മണി സംഘടനാകാര്യങ്ങളും പരിപാടികളും വിശദീകരിച്ചു.

ഭാരവാഹികളായി സി. എം വിജയൻ (പ്രസിഡണ്ട്), എ. സി. സജു (വൈസ് പ്രസിഡണ്ട്), രാജൻ കോറോത്ത് (സെക്രട്ടറി), കായണ്ണ ബാലകൃഷ്ണൻ (ജോ: സെക്രട്ടറി), പി. പി. ശങ്കരൻ (ട്രഷറർ) എന്നിവരടങ്ങുന്ന കമ്മററിയെയും തിരഞ്ഞെടുത്തു.

**ഇ. പി. ബാവാഖാൻ അന്തരിച്ചു:-** യുക്തിവാദിയും യുക്തിവിചാരം മാസികയുടെ വരിക്കാരനും ശാസ്ത്രസാഹിത്യ പരിഷത്തിൻേറയും യുക്തിവാദി സംഘത്തിൻേറയും പ്രവർത്തകനും സി. പി. ഐ നേതാവും വ്യവസായിയുമായിരുന്ന കഴക്കൂട്ടം ഇ. പി. ബാവാഖാൻ (79) 10-1-2000-ൽ അന്തരിച്ചു. നിര്യാണത്തിൽ അനുശോചിച്ച് കടകൾ അടച്ച ഹർത്താൽ ആചരിക്കുകയും കഴക്കൂട്ടം ജംഗ്ഷനിൽ അനുശോചനയോഗം കൂടുകയും ചെയ്തു. കമലത്തു ബീവി ഭാര്യയും നാസർ, നസീമ, സാജി, താജനീസ എന്നിവർ മക്കളുമാണ്. ബന്ധുമിത്രാദികളോടൊപ്പം ഞങ്ങളും ദുഃഖിക്കുന്നു O

---

**അനുമോദനം:** വാർഷികപ്പതിപ്പ് കൈപ്പററി. നന്ദി. യുക്തിവിചാരം മാസിക ഒററലക്കവും മുടങ്ങാതെ 23 വർഷങ്ങൾ അതിജീവിച്ചു 24-ാം വർഷത്തിലേക്കു കാലെടുത്തുവെച്ചിരിക്കുന്ന ഈ പുത്തൻ സഹസ്രാബ്ദത്തിൽ, എല്ലാ വിധ വിജയാശംസകളും മാസികക്കും മാസികയുടെ എഡിററർ പരിശ്രമശാലിയായ എൻെറ നല്ല സുഹൃത്തു് എ. വി. ജോസിനും അർപ്പിച്ചുകൊള്ളുന്നു.

എ കെ. എ. റഹിമാൻ,

ചീഫ് എഡിററർ-ദേശീയോദ്ഗ്രഥനം മാസിക, കൊടുങ്ങല്ലൂർ

YUKTHIVICHARAM

Registered No. KL/CR/TCR/069/2000 Phone: 381020

# യുക്തിവാദപ്രചരണവേദിയുടെ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| 1 | എം. സി. യുടെ ദർശനങ്ങൾ | എം. സി. | 40 00 |
| 2 | ക്രിസ്തു ക്രൂശിൽ മരിച്ചില്ല | ,, | 2 00 |
| 3 | ഹിപ്നോട്ടിസം ഒരു പാഠപുസ്തകം | —ഡോ: പി. കെ. നാരായണൻ | 10 00 |
| 4 | വിശ്രമം ഉണർവ്വിന് | ,, | 10 00 |
| 5 | വളയുന്ന നേർവര (കാർട്ടൂണുകൾ) | —ടി. പി. കുഞ്ഞിരാമൻ | 4 00 |
| 6 | യുക്തിവാദത്തിന്റെ കാലിക പ്രസക്തി | — ജോസഫ് വടക്കൻ | 4 00 |
| 7 | യുക്തിരശ്മി | — ആർ. കൃഷ്ണൻകുട്ടി നായർ | 10 00 |
| 8 | ഭാരതീയദർനം | — നാരായണൻ പേരിയ | 3 00 |
| 9 | ഇസ്ലാംമതവും സോഷ്യലിസവും | ,, | 3 00 |
| 10 | വി. ടി. എന്ന വിപ്ലവകാരി | — എം. പ്രഭ | 2 00 |
| 11 | മതം സാമൂഹ്യപുരോഗതിയുടെ ശത്രു | — യു. കലാനാഥൻ | 3 00 |
| 12 | ആത്മാവ്-സങ്കല്പമോ യാഥാർത്ഥ്യമോ? | ,, | 3 00 |
| 13 | ഞാൻ എന്തുകൊണ്ട് ക്രിസ്ത്യാനിയല്ല | ബർട്രാൻറ് റസ്സൽ | 4 00 |
| 14 | യുക്തിവാദിയുടെ സാമൂഹ്യവീക്ഷണം | — ഏറ്റുമാനൂർ ഗോപാലൻ | 2 00 |
| 15 | പ്രകൃത്യാതീത പ്രതിഭാസം വെറും മിഥ്യ | — ഡോ: എ. ടി. കോവൂർ | 3 00 |
| 16 | മരണാനന്തരം ജീവിതമുണ്ടോ? | ,, | 2 00 |
| 17 | ബൈബിൾ സദാചാരത്തിനു അപകടകാരിയായ മാർഗദർശി | ,, | 1 50 |
| 18 | ജ്യോത്സ്യം-സത്യവും മിഥ്യയും | — എം. ഷാ. കെ. [illegible] | 4 00 |
| 19 | ഇസ്ലാമിൽ സ്ത്രീ സുരക്ഷിതയാണോ? | — എൻ. വി. [illegible] | 2 00 |
| 20 | മനുഷ്യൻ വിശ്വാസിയായതെങ്ങനെ? | — എം. [illegible] കെ. | 15 00 |
| 21 | യുക്തിചിന്തയും ജീവിതവും | — സി. നാരായണൻ | 12 00 |

ആവശ്യപ്പെടുക: എ. വി. ജോസ്,

യുക്തിവിചാരം, കുററിപ്പുഴ നഗർ, തൃശ്ശൂർ-680 004.

(ആവശ്യമുള്ള പുസ്തകങ്ങളുടെ വില മുൻകൂർ അയച്ചാൽ പോസ്റ്റേജ് സൗജന്യമായി പുസ്തകം അയച്ചുതരുന്നതാണ്. വി. പി. ഏർപ്പാടില്ല)

Edited, Printed & Published by A. V. Jose, Kuttipuzha Nagar, Thrissur-680 004 at Sulabha Printers, Calvari Road, Thrissur-680 004 (Ph: 384927)

# യുക്തിവിചാരം

2000 മാർച്ച്




യുക്തിവാദപ്രചരണവേദി, തൃശൂർ - 680001

വില : 5 രൂപ